# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാഞ്ഞാള് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി-12)-192/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയതി: 12/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാഞ്ഞാള് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി-12)-192/2023 തീയ്യതി: 12/04/2023

## തൃശ്ശൂർ ജില്ലയിലെ പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-05-2022 മുതൽ 26-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മീര.ടി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ഇ.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സ്വാലിഹ് സി.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| തങ്കമ്മ വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ആൽഫ്രഡ് സോജൻ | സെക്രട്ടറി | 01-04-2021 | 05-05-2021 |
| ബേബി വത്സല | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-05-2021 | 31-05-2021 |
| ആൽഫ്രഡ് സോജൻ | സെക്രട്ടറി | 01-06-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദിപിൻ എം എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| വിപിൻദാസ് എം എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 07-07-2021 |
| സൌമ്യ. എം.പി. | അസിസ്റ്റന്റ് എഞ്ചിനീയർ(അധിക ചുമതല) | 08-07-2021 | 15-08-2021 |
| വിപിൻദാസ് എം എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 16-08-2021 | 13-12-2021 |
| സോണി വിൻസന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ | 14-12-2021 | 31-03-2022 |
| ഡോ. സുനിൽകുമാർ. പി.കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ശിവകുമാർ കൊത്തപ്പള്ളി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 27-08-2021 |
| ഡോ. ബിജു. പി.ജി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 28-08-2021 | 21-09-2021 |
| ഡോ. നിന്ദ രാജു തോട്ടൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 22-09-2021 | 31-03-2022 |
| ഡോ. ഷീജ മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 01-04-2021 | 31-03-2022 |
| ഡോ.രാജേഷ് എം ബി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| തങ്കമണി. എം.എൻ. | പ്രധാന അദ്ധ്യാപിക | 01-04-2021 | 03-12-2021 |
| എം.എൻ. ബർജിലാൽ | പ്രധാന അദ്ധ്യാപകൻ | 04-12-2021 | 31-03-2022 |
| റോണി എം വൈ | വി.ഇ.ഒ-കിള്ളിമംഗലം സർക്കിൾ | 01-04-2021 | 30-09-2021 |
| നൌഷാദ് പി | വി.ഇ.ഒ-കിള്ളിമംഗലം സർക്കിൾ | 01-10-2021 | 31-03-2022 |
| നൌഷാദ് പി | വി.ഇ.ഒ.-പൈങ്കുളം സർക്കിൾ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ബേബി വൽസല സി എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| സൌമ്യ ടി പി | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| പ്രീന പ്രസാദ് | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| അനൂപ്. പി.എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ഗിനിക. പി.ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ഷിബുകുമാർ. പി.കെ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി ( പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ളത്) | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തുനികുതി- അക്കൗണ്ടിംഗിലെ അപാകങ്ങൾ | 1-10-2 |
| 13 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-3 |
| 14 | വസ്തുനികുതി ഡിമാന്റ് വർദ്ധിപ്പിച്ചു - ജേണൽ വൗച്ചറുകൾ ലഭ്യമാക്കിയില്ല. | 1-10-4 |
| 15 | രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. | 1-10-5 |
| 16 | ഡെപ്പോസിറ്റുകൾ- അപാകങ്ങൾ | 1-10-6 |
| 17 | അഡ്വാൻസ് ഇനങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-10-7 |
| 18 | Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-8 |
| 19 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-9 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-10 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-11 |
| 22 | ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല. | 1-10-12 |
| 23 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക കാപ്പിറ്റൽ റിസർവ് എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്നു. | 1-10-13 |
| 24 | വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല. | 1-10-14 |
| 25 | ബാധ്യത ശീർഷകത്തിലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-10-15 |
| 26 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - സുലേഖ ചെലവ് പത്രികയിലെ ചെലവ് തുകയും വാർഷിക ധനകാര്യ പത്രികയിലെ ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല. | 1-10-16 |

| | | |
|---|---|---|
| 27 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-10-17 |
| 28 | സംയുക്ത പ്രൊജക്ടുകളുടെ ചെലവുകൾ- സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല. | 1-10-18 |
| 29 | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-10-19 |
| 30 | ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-10-20 |
| 31 | എം.ജി.എൻ.ആർ.ഇ.ജി.എസ്.- വാർഷിക കണക്കും പദ്ധതിയുടെ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-10-21 |
| 32 | തൊഴിൽ രഹിതവേതനം- വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-10-22 |
| 33 | തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തപ്പെട്ട ഇടപാടുകൾ | 1-10-23 |
| 34 | സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം | 1-10-24 |
| 35 | Income And Expenditure Account പ്രകാരം മിച്ചതുക (Gross Surplus/(Deficit)of Income Over Expenditure After Prior Period Items)- തെറ്റായ തുക കണക്കാക്കി. | 1-10-25 |
| 36 | രസീത് പരിപാലനത്തിൽ അപാകങ്ങൾ | 1-11 |
| 37 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -അപാകത | 1-12 |
| 38 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 39 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല. | 1-14 |
| 40 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-15 |
| 41 | വസ്തു നികുതി നിർണയത്തിലെ /കളക്ഷനിലെ അപാകങ്ങൾ | 1-16 |
| 42 | തൊഴിൽ നികുതി-അപാകങ്ങൾ | 1-17 |
| 43 | വ്യാപാരലൈസൻസ്- അപാകങ്ങൾ | 1-18 |
| 44 | വാടക - അപാകതകൾ | 1-19 |
| 45 | ലേലം-അപാകങ്ങൾ | 1-20 |
| 46 | ഭൂവികസന പെർമിറ്റ് ഇല്ലാതെ ഭൂമി പ്ലോട്ടുകളായി വില്പന നടത്തി- തുടർനടപടികൾ അറിയിക്കേണ്ടതാണ്. | 1-21 |
| 47 | സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-22 |
| 48 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-23 |
| 49 | തനത് ഫണ്ട് - പ്രോജക്റ്റിലെ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണോദ്യഗസ്ഥന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് മാറ്റുന്നു | 1-24 |
| 50 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-25 |
| 51 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-26 |

| | | |
|---|---|---|
| 52 | ലൈഫ് ഭവന പദ്ധതി - ആദ്യഗഡു കൈപ്പറ്റി നാലുവർഷം പിന്നിട്ടിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-27 |
| 53 | വീട് വാസയോഗ്യമാക്കൽ - ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-28 |
| 54 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-29 |
| 55 | പ്രൊജക്ട് നമ്പർ-257/22- വാതിൽപ്പടി സേവന പദ്ധതി- തുടർനടപടികൾ അറിയിക്കേണ്ടതാണ്. | 1-30 |
| 56 | പ്രൊജക്ട് നമ്പർ-09/22- ആശ്രയ പദ്ധതി തുക കൈമാറൽ- നാളിതു വരെയും തുക വിനിയോഗിച്ചിട്ടില്ല. | 1-31 |
| 57 | പത്രപരസ്യ ചാർജ്ജ് - സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല. | 1-32 |
| 58 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി. | 1-33 |
| 59 | ലീഗൽ ചാർജ്ജസ്- അഡ്വക്കേറ്റ് ഫീസിൽ നിന്നും നിയമപ്രകാരമുള്ള ആദായനികുതി കുറവ് ചെയ്തില്ല. | 1-34 |
| 60 | വാഹന ഇൻഷുറൻസ് - സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പിൽ ഇൻഷുർ ചെയ്യണമെന്ന നിർദ്ദേശം പാലിച്ചില്ല. | 1-35 |
| 61 | തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ്, കുടിവെള്ളക്കരം- സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്. | 1-36 |
| 62 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത്- വിനിയോഗ സാക്ഷ്യപത്രവും മൂല്യനിർണ്ണയ പത്രികയും ലഭ്യമാക്കേണ്ടതാണ്. | 1-37 |
| 63 | ചോലമ്മക്കാവ് കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| പാസ്സാക്കിയതിയതി | 15.02.2021 |
| കമ്മിറ്റിതീരുമാനം | 1 |
| പ്രതീക്ഷിതവരവ് | പ്രതീക്ഷിതചെലവ് |
| 335105701 | 334583000 |
| റിവൈസ്ഡ്ബജറ്റ് | |
| പാസ്സാക്കിയതിയതി | 11.02.2022 |
| കമ്മിറ്റിതീരുമാനം | 7/1 |
| വരവ് | ചെലവ് |
| 335105701 | 335903000 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30-07-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11869043 |
| വരവ് | 83601809 |
| ആകെ | 95470852 |
| ചെലവ് | 85808990 |
| നീക്കിയിരിപ്പ് | 9661862 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഓ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14515565 | 14515565 | 14515565 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10740034 | 10740034 | 10594530 | 145504 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 22766000 | 22766000 | 15090275 | 7675725 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5656873 | 5656873 | 3327180 | 2329693 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 4163694 | 4163694 | 3660875 | 502819 |
| ടൈഡ് ഗ്രാന്റ് | 0 | 7488457 | 7488457 | 5058859 | 2429598 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 217 | 107073960 | 164 | 63772645 | 59.56 % | 75.58 % |

## 1-6 തൊഴിലുറപ്പ് പദ്ധതി ( പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ളത് )

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 66291 | 1157171 | 1223462 | 1223458 | 4 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 51886407 | 51886407 | 51886407 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 13892081 | 13892081 | 13892081 | 0 |
| ആകെ | 66291 | 66935659 | 67001950 | 67001946 | 4 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 2 | 1680 |
| കർഷകതൊഴിലാളി പെൻഷൻ | 529 | 8269800 |
| വിധവാപെൻഷൻ | 1249 | 19533800 |
| വാർദ്ധക്യകാലപെൻഷൻ | 2177 | 32630100 |
| വികലാംഗപെൻഷൻ | 355 | 5596600 |
| അവിവാഹിത പെൻഷൻ | 199 | 3133100 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 15 | 450000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2023 തീയതിയിൽ 4.15 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16555/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന വേളയിൽ ഗ്രാമപഞ്ചായത്ത് AIMS മുഖേന സമർപ്പിച്ചതും ഓഡിറ്റിനായി സ്വീകരിച്ചതുമായ വാർഷികധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റ്, ഇൻകം & എക്സ്പൻഡിച്ചർ പത്രിക എന്നിവയും ഓഡിറ്റ് വേളയിൽ ILGMS ഓഡിറ്റർ ലോഗിനിൽ ലഭ്യമായ 31.03.22 ലെ ബാലൻസ് ഷീറ്റ്, 2021-22 ലെ ഇൻകം & എക്സ്പൻഡിച്ചർ പത്രിക എന്നിവയും പല ശീർഷകങ്ങളിലും വ്യത്യാസമുള്ളതായി കണ്ടു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(01/28.01.23) മറുപടിയായി വാർഷിക ധനകാര്യ പത്രിക AIMS ൽ സമർപ്പിച്ച വേളയിൽ പഞ്ചായത്ത് അക്കൗണ്ടിംഗിന് ഉപയോഗിക്കുന്ന ILGMS സൈറ്റിലെ വിവരങ്ങൾ തന്നെയാണ് AIMS സൈറ്റിലേക്ക് ട്രാൻസ്ഫർ ആയിട്ടുള്ളതെന്നും ആയതിൽ നിന്നും ഓട്ടോജനറേറ്റഡ് ആയ റിപ്പോർട്ടുകളിൽ കൃത്യതയുണ്ടെന്നും എന്നാൽ മാനുൽ ആയി അപ് ലോഡ് ചെയ്യേണ്ടുന്ന

ഇൻകം & എക്സ്പൻഡിച്ചർ പത്രിക, ബാലൻസ് ഷീറ്റ് എന്നീ സ്റ്റേറ്റ്മെന്റുകൾ അപ് ലോഡ് ചെയ്യപ്പോൾ അപാകങ്ങൾ ഉള്ള സ്റ്റേറ്റ്മെന്റുകളാണ് തെറ്റായി അപ് ലോഡ് ചെയ്യപ്പെട്ടതെന്നും അറിയിച്ചു. AIMS ൽ ഓട്ടോജനറേറ്റഡ് ആയ ഡാറ്റ ശരിയായതിനാൽ മാന്വലായി അപ് ലോഡ് ചെയ്യപ്പെട്ടിട്ടുള്ള സ്റ്റേറ്റ്മെന്റുകളിൽ വന്ന മാറ്റം മാപ്പാക്കണമെന്നും ഓഡിറ്റിന് ഹാർഡ് കോപ്പിയായി സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചും കൊണ്ടുള്ള പഞ്ചായത്ത് കമ്മറ്റിയുടെ 31.01.23ലെ 1(1) നമ്പർ തീരുമാനം സഹിതം 2021-22 ലെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിക്കൊപ്പം സമർപ്പിച്ചിട്ടുണ്ട്. ടി വാർഷിക ധനകാര്യ പത്രിക നിലവിൽ ILGMS ൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമായ 31.03.22 ലെ ബാലൻസ്ഷീറ്റ്, 2021-22 വർഷത്തെ ഇൻകം & എക്സ്പൻഡിച്ചർ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മറുപടിയുടെയും പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റിൽ ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഗ്രാമപഞ്ചായത്തിനെ ഓഡിറ്റ് അന്വേഷണം നം. 10/02.02.23 പ്രകാരം അറിയിച്ചിട്ടുണ്ട്.

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-10-2 വസ്തുനികുതി- അക്കൗണ്ടിംഗിലെ അപാകങ്ങൾ

വസ്തു നികുതി -റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 16,54,500 | 16,19,084 | 36,311 | 847 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 16,54,500 | 16,17,342 | 36,311 | 847 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | ( 890/105X100)=847 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി

കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10,93,552 | 10,92,480 | 1,109 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10,93,552 | 10,92,443 | 1,109 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (0 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3 .വസ്തു നികുതി - റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6637 | 1570 | 5067 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5070 | 1570 | 5070 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(5324/105*100)=5070 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)* (5324/105*100)=5070 |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

4. വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 25,734 | 25,734 | 0 |

| | | | |
|---|---|---|---|
| | 0 | 25,734 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

5. ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 84775 | 338 | 85113 | 82638 | 76 | 82714 | 1989 | | 43 | 257 | 300 |
| | നോൺ-റെസിഡൻഷ്യൽ | 55065 | 1298 | 56363 | 55031 | 1267 | 56298 | 60 | | 0 | 0 | 0 |
| | ആകെ | | | 1,41,476 | | | 1,39,012 | 2,049 | | 300 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1,41,558 | | | 1,39,012 | | | | 1,41,258 | 300 | | |
| | | (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt Cess/levies...... ലെഡ്ജർ 2021-22 | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ് പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 1,39,012 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 1,41,258/- രൂപയാണ്.

1-10-3 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ New Building Register പ്രകാരം 98 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു

തവണയായി 31/3/2022 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-4 വസ്തുനികുതി ഡിമാന്റ് വർദ്ധിപ്പിച്ചു - ജേണൽ വൗച്ചറുകൾ ലഭ്യമാക്കിയില്ല.

431100101-Receivables For Property Tax On Residential Building(Current). 431100104-Receivables For Property Tax On Non Residential Buildings (Arrear) എന്നീ ശീർഷകങ്ങളുടെ ലെഡ്ജറുകൾ പരിശോധിച്ചതിൽ 190100101-Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം ഡിമാന്റ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചിട്ടുണ്ട്. സഞ്ചയ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഡിമാന്റ് വർദ്ധിപ്പിക്കുന്നു എന്നാണ് വിവരണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന ഡിമാന്റ് വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 431100101 | 42100622 | 31/03/22 | 1569 |
| 431100104 | 42100624 | 31/03/22 | 25734 |

## 1-10-5 രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ പറയുന്ന വരുമാന ഇനങ്ങളുടെ രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1. Registration Fee From Private Hospital & Paramedical Institutions
2. Fee For Building Regularisation
3. Permit Fee For Installation Of Machinery / Permit Fee For Running Machinery
4. Audit Recovery Register.

## 1-10-6 ഡെപ്പോസിറ്റുകൾ- അപാകങ്ങൾ

1. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഡെപ്പോസിറ്റ് ഇനങ്ങളിൽ ദീർഘകാലമായിട്ടും ഡെപ്പോസിറ്റുകൾ തിരികെ നൽകിയിട്ടില്ല. ആയവ പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ശീർഷകം | ഡെപ്പോസിറ്റ് വർഷം | തുക |
|---|---|---|
| Contractors EMD | 2016-17 | 1,750/- |
| | 2017-18 | 7,500/- |
| Suppliers EMD | 2016-17 | 33,800/- |
| Contractors Security Deposit | 2012-13 | 15,000/- |
| | 2016-17 | 10,000/- |
| Suppliers SD | 2016-17 | 1,08,400/- |
| | 2017-18 | 11,500/- |
| Contractors Retention | 2013-14 | 34,356/- |

| | | |
|---|---|---|
| | 2016-17 | 47,180/- |

2. താഴെ പറയുന്ന ഡെപ്പോസിറ്റ് ഇനങ്ങളുടെ റസീറ്റ് & പേയ് മെന്റ് പ്രകാരമുള്ള തൻവർഷ വരവ് ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ശീർഷകം | റസീറ്റ് & പേയ്മെന്റ് പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം |
|---|---|---|
| 340100301- Contractors Retention | 79,317 | 94,828 |
| 340109901- Other Deposits | 30,382 | 4,376 |

3. 340200102-Auction Deposit എന്നയിനത്തിൽ 5000/- രൂപ വരവായും നീക്കിയിരിപ്പായും കാണിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ സ്ക്രാപ്പ് ₹42,892/- ക്ക് ലേലം കൊണ്ട ശ്രീ. അനിൽ കുമാർ എന്നയാളുടെ ഡെപ്പോസിറ്റ് തുകയായ മേൽ തുക കിഴിച്ച് ₹37,892/- രൂപ മാത്രമേ 150120102- Receipts From Sale Of Scrap / Empties എന്ന ശീർഷകത്തിൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുള്ളൂ. ലേല ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച 5000/- രൂപ വരുമാനമായി ക്രമീകരിക്കേണ്ടതാണ്.

### 1-10-7 അഡ്വാൻസ് ഇനങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

1. ബാലൻസ് ഷീറ്റ് പ്രകാരം 460509901-Advance To Others എന്ന ശീർഷകത്തിൽ 27,79,307/- രൂപ ബാലൻസുണ്ട്. എന്നാൽ ഈയിനത്തിന്റെ അഡ്വാൻസ് രജിസ്റ്റർ രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് പ്രകാരം 460500501-Advance To Implementing Officers എന്ന ശീർഷകത്തിൽ 66,111/- രൂപ ക്രമീകരിക്കേണ്ടതായി അവശേഷിക്കുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നത് 43,611/- രൂപയാണ്.

### 1-10-8 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18, ഐ-19) പ്രകാരം Prior Period Income, 190000000-Prior Period Expenditure എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 33,851 |
| 290800701-Prior Period Expenses-Miscellaneous Expenses | -2,65,882 |

### 1-10-9 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി ഇനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും

നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (22,07,181) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,82,01,719 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-12 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-10-13 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക കാപ്പിറ്റൽ റിസർവ് എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്നു.

2020-21 ലെ ബാലൻസ് ഷീറ്റിലെ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നയിനത്തിലെ നീക്കിയിരിപ്പ് 2021-22 ILGMS ൽ 312110101-Capital Reserve എന്ന ശീർഷകത്തിലാണ് മുന്നിരിപ്പായി എടുത്തിട്ടുള്ളത്. ആയത് 312100 എന്ന അനുയോജ്യമായ Capital Contribution ശീർഷകങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.

### 1-10-14 വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.

വികസനഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contributions" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/11//തസ്വഭവ. തീയതി 26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-10-15 ബാധ്യത ശീർഷകത്തിലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ട ബാധ്യത ശീർഷകങ്ങളിലെ നീക്കിയിരിപ്പും ടി ശീർഷകത്തിന്റെ ബാലൻസ്ഷീററ് ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും തുല്യമായിരിക്കേണ്ടതുണ്ട്. എന്നാൽ ഷെഡ്യൂൾ ബി4 ൽ ഉൾപ്പെട്ട ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാധ്യത ശീർഷകങ്ങളായ 320200104-Development Fund-Central Finance Commission Grant- Basic Tax Grant, 320200113- Development Fund- Central Finance Commission Grant-Tied Fund എന്നിവയുടെ നീക്കിയിരിപ്പ് യഥാക്രമം ₹2,365/-, ₹16,38,277 (ആകെ ₹16,40,592) ആണ്. എന്നാൽ മേൽ തുകകൾ നിക്ഷേപിച്ചിട്ടുള്ള HDFC Egramswaraj PFMS A/c No.50100393257871 എന്ന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹17,27,501/- രൂപയാണ്.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കുള്ള വിഹിതം ഇനത്തിൽ ജില്ല പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്നത് ₹11,087/- രൂപയാണ് (320700204, 320700205 എന്നീ ശീർഷകങ്ങൾ). എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ ട്രഷറി അക്കൗണ്ടിൽ ( അക്കൗണ്ട് നം. 799011400001581) ₹52,384/- ശേഷിക്കുന്നുണ്ട്.

## 1-10-16 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - സുലേഖ ചെലവ് പത്രികയിലെ ചെലവ് തുകയും വാർഷിക ധനകാര്യ പത്രികയിലെ ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള റവന്യൂ ചെലവുകൾക്ക് തത്തുല്യമായ വരവുകൾ രേഖപ്പെടുത്തുന്ന 160100104-Development Fund- Central Finance Commission Grant-Basic Grant (₹37,00,089), 160100109-Development Fund-Central Finance Commission Grant- Performance Grant (₹24,65,136), 160100111- Development Fund- Central Finance Commission Grant- Tied Fund (₹25,93,723) എന്നീ ശീർഷകങ്ങളിലെ നീക്കിയിരിപ്പ് പ്രകാരം ആകെ ചെലവ് ₹87,58,948/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ ആകെ ചെലവ് ₹87,19,734/- രൂപ മാത്രമാണ്.

## 1-10-17 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

താഴെ ചേർക്കുന്ന ഇനങ്ങളുടെ എ.സി.ആർ പ്രകാരമുള്ള ചെലവുകൾ ബാധ്യത ശീർഷകത്തിൽ നിന്ന് കുറവ് ചെയ്ത് റവന്യൂ വരവായി രേഖപ്പെടുത്തിയ ശീർഷകങ്ങളിൽ വ്യത്യാസം കാണുന്നു.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | ശീർഷകം | ഇൻകം & എക്സ്പൻഡിച്ചർ പത്രിക പ്രകാരം ചെലവ് |
|---|---|---|---|
| ഐ.സി.ഡി.എസ്. | 17,97,423 | 160100907 | 21,82,731 |
| ടോട്ടൽ സാനിറ്റേഷൻ | 27,39,045 | 160100681 | 280000 |
| | | 160100682 | 2619045 |
| | | ആകെ | 28,99,045 |

## 1-10-18 സംയുക്ത പ്രൊജക്ടുകളുടെ ചെലവുകൾ- സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല.

സംയുക്ത പ്രൊജക്ടുകളുടെ ചെലവുകൾ- സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻകം&എക്സ്പൻഡിച്ചർ പത്രിക ഷെഡ്യൂൾ ഐ-6 – ശീർഷകം | തുക | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് |
|---|---|---|
| 1600300102- Contributions Towards Joint Venture Projects-from Block Panchayath | 6,04,721 | 6,68,503 |
| 1600300101- Contributions Towards Joint Venture Projects-from District Panchayath | 7,15,018 | 7,55,755 |

## 1-10-19 സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420700101- Investment-Co-operative Institutions എന്ന ശീർഷക പ്രകാരം 5000/- രൂപ നിക്ഷേപമുണ്ട്. ആയതിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1-10-20 ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിന്റെ പി.എഫ്.എം.എസിനായി എച്ച്.ഡി.എഫ്.സി ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് നം. 50100418825852 ആരംഭിച്ചത് സംബന്ധിച്ച ഫയലിൽ 2021 ജൂൺ മാസം വരെയുള്ള റീകൺസിലിയേഷൻ പത്രികകൾ ഉണ്ട്. എന്നാൽ വാർഷിക കണക്കിൽ മേൽ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയിട്ടില്ല. ജൂൺ 2021 വരെയുള്ള പത്രികകൾ പ്രകാരം ഇടപാടുകൾ ഒന്നും നടന്നിട്ടില്ല. മേൽ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം മേൽ ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

1-10-21 എം.ജി.എൻ.ആർ.ഇ.ജി.എസ്.- വാർഷിക കണക്കും പദ്ധതിയുടെ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ കാഷ്ബുക്ക്, എം.ഐ.എസ് പത്രിക എന്നിവ പ്രകാരമുള്ള ചെലവുകൾ ഇൻകം &എക്സ്പൻഡിച്ചർ പത്രിക പ്രകാരമുള്ള ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | കാഷ്ബുക്ക് / സ്റ്റേറ്റ്മെന്റ് പ്രകാരം | ഇൻകം & എക്സ്പൻഡിച്ചർ പത്രിക പ്രകാരം | |
|---|---|---|---|
| | | ശീർഷകം | തുക |
| ഭരണച്ചെലവുകൾ | 12,23,488 | 256100116-Administrative Expenses-MGNREGA/AUEGS | 6,57,72,287 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 5,18,86,407 | 253100101-Total Poverty Alleviation | 11,61,128 |
| മെറ്റീരിയൽ കോസ്റ്റ് | 1,38,92,081 | | |
| ആകെ | 6,70,01,976 | ആകെ | 6,69,33,415 |

1-10-22 തൊഴിൽ രഹിതവേതനം- വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

തൊഴിൽരഹിത വേതന വിതരണ രജിസ്റ്റർ പ്രകാരം തൻവർഷം 2 പേർക്കായി 1680/- രൂപ തൊഴിൽ രഹിത വേതനം നൽകിയിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. തൊഴിൽ രഹിതവേതനം, സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം മുതലായ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ എ.സി.ആർ. ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1-10-23 തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തപ്പെട്ട ഇടപാടുകൾ

ഇൻകം & എക്സ്പൻഡിച്ചർ പത്രികകളിൽ ഉൾപ്പെട്ട വരവ് ചെലവ് ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധനയിൽ തെറ്റായ / അനുയോജ്യമല്ലാത്ത ശീർഷകങ്ങളിൽ രേഖപ്പെടുത്തപ്പെട്ട ഇടപാടുകളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. റസീറ്റ് നം.1210101381/02.12.21 പ്രകാരം ശ്രീ.ഹസ്സൻ എന്നയാൾ Other Fees ഇനത്തിൽ 300/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ടി തുക തൻവർഷത്തെ ലൈസൻസ് ഫീസ് ഇനത്തിലാണ് വരവ് വെക്കേണ്ടിയിരുന്നത്. അതേ സമയം, ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തത്തിലെ വരവും രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള കളക്ഷനും പൊരുത്തപ്പെടുന്നുമുണ്ട്.

2.റസീറ്റ് നം.1210103116/08.02.22 പ്രകാരം ശ്രീ. പ്രശാന്ത്കുമാർ എന്നയാൾ Other Fees ഇനത്തിൽ അടവാക്കിയ 1000/- രൂപ ലൈസൻസ് രജിസ്റ്റർ പരിശോധയിൽ ലൈസൻസ് ഫീസ് അഡ്വാൻസ് ശീർഷകത്തിലാണ് വരവ് വെക്കേണ്ടിയിരുന്നത്.

3. 252100002- Streetlights-Remitting The Arrears Of Electric Charge എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധനയിൽ കണ്ട വിവരണപ്രകാരം, ടി ശീർഷകത്തിലെ ചെലവായ 490529/- രൂപ സ്ട്രീറ്റ് ലൈറ്റ് മെയിന്റൻസ് (പ്രൊ.നം.143), ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ (പ്രൊ.നം.226) എന്നീയിനങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-10-24 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് 04/09/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 05/09/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൌണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1)Opening Balance Sheet

31/3/21 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല.

2)പുതിയ സോഫ്റ്റ്‌വെയറിലേക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് 04/09/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 05/09/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. 04/09/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account, Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലെക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2.1. Receipt And Payment Statement

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല.

2.2.Income And Expenditure Account

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ താഴെ പറയുന്ന വ്യത്യാസങ്ങൾ കാണുന്നു.

| സാംഖ്യ പ്രകാരം നീക്കിയിരിപ്പ് | ILGMS പ്രകാരം മുന്നിരിപ്പ് | റിമാർക്സ് |
|---|---|---|
| I-4(b) Fees & User Charges – 82,390 | I-4 Fees & User Charges – 82,490 | 140200101- Penalties & Fines-Penal Interest. എന്ന ശീർഷകത്തിൽ വ്യത്യാസം. |
| I-10(b) Establishment Expenditures – 48,78,599 | I-10 Establishment Expenses – 49,21,479 | Bonus, Special Festival Allowance എന്നീ ചെലവുകൾ |

| | | |
|---|---|---|
| | | ആവർത്തിച്ചിട്ടുണ്ട്. |
| I-11(b) Administrative Expenditures – 4,97,768 | I-11 Administrative Expenses – 5,44,119 | Election Expenses- ചെലവ് ആവർത്തിച്ചിട്ടുണ്ട്. |
| I-14 Decentralised Plan Programme-Productive Sector – 4,00,000 | I-14 Decentralised Plan Programme-Productive Sector – 8,00,000 | Animal Husbandry-Infrastructure ചെലവ് ആവർത്തിച്ചിട്ടുണ്ട്. |
| I-14(a) Decentralised Plan Programme-Service Sector – 47,14,408 | I-14(a) Decentralised Plan Programme-Service Sector – 38,74,757 | Public Health Programs – General – ചെലവ് ആവർത്തിച്ചിട്ടുണ്ട്. |

2.3.Balance Sheet

ILGMS ൽ Opening Balancesheet (01/04/21 പ്രകാരമുള്ളത്) രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിപ്പിച്ച തീയ്യതിയിലെ (04/09/21) Receipt, Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMS ലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.
നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി മാറ്റിയതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ശീർഷകം | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 04/09/21ലെ നീക്കിയിരിപ്പ് | ILGMS പ്രകാരമുള്ള ശീർഷകം | ILGMS ലെ 05/09/21ലെ മുന്നിരിപ്പ് |
|---|---|---|---|
| 310900101- Excess Of Income Over Expenditure | (2,04,53,900) | 310900101- Excess Of Income Over Expenditure | (-) 2,23,47,963 |
| | 0 | 311100101- Panchayat's Distress Relief Fund | 34,482 |
| 320100121- Centrally Sponsored Scheme-Intregrated Child Development Scheme | 12,21,002 | 320100196- Intregrated Child Development Scheme | 16,06,310 |
| 320200324- Grants/Funds For Pandemic/Epidemic Control | 2,84,621 | 320100195- Grants/Funds For Pandemic/Epidemic Control | 35,47,274 |
| 320800202- Donation Related To Pandemic/Epidemic Control | 1,27,000 | 320900102-Donation Related To Pandemic/Epidemic Control | 1,21,995 |
| 320300103-Grants, Funds &Contributions For Specific Purposes- | 37,93,009 | 320300103-Grants, Funds& Contributions For Specific Purposes- | 39,53,009 |

| | | | |
|---|---|---|---|
| Other Govt. Agencies-Total Sanitation | | Other Govt.Agencies-Total Sanitation | |
| | 0 | 350109999- Amount Payable To Other Creditors | (-) 6,17,011 |
| | 0 | 350200110- Recoveries Payable-KSFE | (-)5000 |
| | 0 | 350200111- Recoveries Payable-Co-operative Societies And Co-operative Banks | 5000 |
| | 0 | 350200114- Recoveries Payable-Income Tax Deducted At Source-salaries | 52,500 |
| 350200201- Recoveries Payable-Income Tax Deducted At Source | 1480 | 350200201- Recoveries Payable-Income Tax Deducted At Source | (-)69,503 |
| | 0 | 350200203- Recoveries Payable-KCWWF | 1,523 |
| 350300110- Recoveries Payable-GST(CGST) | 448 | 350200205- Recoveries Payable-GST(CGST) | 358 |
| 350300111- Recoveries Payable-GST(SGST) | 448 | 350200205- Recoveries Payable-GST(SGST) | 526 |
| | 0 | 350200207- Recoveries Payable-GST-TDS(CGST) | (-)16,327 |
| | 0 | 350200207- Recoveries Payable-GST-TDS(SGST) | (-)16,327 |
| 460509901- Advance To Others | 22,21,481 | 460509901- Advance To Others | 33,76,408 |

## 1-10-25 Income And Expenditure Account പ്രകാരം മിച്ചതുക (Gross Surplus/(Deficit)of Income Over Expenditure After Prior Period Items)- തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 22,23,94,791 |
| ആകെ ചെലവ് (B) | | 20,95,27,384 |
| മിച്ചം തുക C= A-B | | 1,28,67,407 |
| Prior Period Income | 1,09,506 | |

| | | |
|---|---|---|
| Prior Period Expenditure | (-)2,65,882 (നെഗറ്റീവ് തുക) | |
| Net Difference Between Prior Period Income And Expenses ( D ) | | 3,75,388 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിന ശേഷമുള്ള മി ച്ച തുക (E) =C+D | | 1,32,42,795 |

എന്നാൽ Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത് 1,27,11,031 രൂപയാണ്. 31/03/2022 ലെ 310900101- Excess Of Income Over Expenditure എന്ന ശീർഷകത്തിൽ താഴെ പറയും പ്രകാരമാണ് മിച്ചതുക മാറ്റേണ്ടത്.

| | |
|---|---|
| 31/3/21ലെ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിന മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | (-)19453848 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിന ശേഷമുള്ള മിച്ച തുക (E) =C+D | 1,32,42,795 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | (-)62,11,053 |

31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് (74,74,490) രൂപയാണ്.

## 1-11 രസീത് പരിപാലനത്തിൽ അപാകങ്ങൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. 59043 നമ്പർ രസീത് ബുക്ക് സാമ്പത്തിക വർഷാവസാനം പൂർണമായും ക്യാൻസൽ ചെയ്തിട്ടില്ല.

2. 59051 നമ്പർ രസീത് ബുക്കിലെ രസീത് കൌണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 )

3. താഴെ കൊടുത്തിരിക്കുന്ന രസീതുകൾ മുഖേന കളക്ട് ചെയ്ത തുക യഥാസമയം പഞ്ചായത്തിൽ അടവാക്കിയിട്ടില്ല (കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 16 ).

| ക്രമ നമ്പർ | രസീത് ബുക്ക് | രസീത് നമ്പർ /തീയതി | തുക | പഞ്ചായത്തിൽ അടവാക്കിയ തീയതി |
|---|---|---|---|---|
| 1 | 59046 | 40,41/ 20.5.2022 | 1180 | 24.5.2022 |
| 2 | 59046 | 42,43/ രേഖപ്പെടുത്തിയിട്ടില്ല. | 1180 | 25.5.2022 |
| 3 | 59046 | 44,45/28.11.2022 | 2220 | 3.12.2022 |
| 4 | 59046 | 46 – 49/17.1.2023 | 7075 | 19.1.2023 |

4. സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. ഗ്രാമപഞ്ചായത്തിന് ട്രഷറി അക്കൗണ്ടിന് പുറമെ തനത് ഫണ്ടിനായി വിവിധ ബാങ്കുകളിലായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഒന്നിലേറെ അക്കൗണ്ടുകൾ ഉണ്ട്.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | Killimangalam Farmers SCB Ltd | 104100010000001 |
| 2 | SBI Panjal | 10536592185 |
| 3 | HDFC | 50100437770762 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 16/3.2.2023) ലഭ്യമാക്കിയ മറുപടിയിൽ ILGMS

സോഫ്റ്റ്വെയറിലെ തകരാർ മൂലമാണ് രസീത് ബുക്കിലെ തുകകൾ സമയബന്ധിതമായി രേഖപ്പെടുത്താൻ കഴിയാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഡേ ബുക്ക് പ്രകാരം ഈ ദിവസങ്ങളിലെല്ലാം പഞ്ചായത്തിൽ ILGMS മുഖേന കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിന്റെ തനത് ഫണ്ട് സർവീസ് സഹകരണ ബാങ്കിലാണെങ്കിലും നിലവിൽ ഓൺലൈൻ ഇ-പേയ്മെന്റ് സംവിധാനങ്ങൾ മുഖേനെയുള്ള ക്യാഷ് ഇടപാടുകൾ അധികമായി വേണ്ടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത സേവനങ്ങൾക്ക് വേണ്ടിയാണ എസ്.ബി.ഐ യിൽ കറണ്ട് അക്കൗണ്ട് തുടങ്ങിയതെന്നും കാർഡ്/UPI പേയ്മെന്റുകൾക്കാണ് HDFC ബാങ്കിൽ അക്കൗണ്ട് തുടങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. തനത് ഫണ്ട് ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ള സാഹചര്യത്തിൽ തനത് ഫണ്ട് ഒരു അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കാൻശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം

60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസസ്സ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ മേൽ ഉത്തരവുകൾ പ്രകാരം കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന് നികുതി ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 11 | 458 | B | അന്നമ്മ(പാലക്കുളം,7907839519(മൊബൈൽ)) | 100 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 17/3.2.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ എന്നീ 8,9,14,16 എന്നീ വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Ward 16 | | | Ward 14 | | | Ward 9 | | | Ward 8 | | |
|---|---|---|---|---|---|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total | Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 2 | 3 | 2 | 16 | 16 | 1 | 23 | 23 | 1 | 8 | 8 | 1 |
| 74 | 75 | 2 | 59 | 59 | 1 | 26 | 26 | 1 | 11 | 11 | 1 |
| 78 | 78 | 1 | 61 | 61 | 1 | 35 | 35 | 1 | 14 | 14 | 1 |
| 99 | 99 | 1 | 127 | 127 | 1 | 42 | 42 | 1 | 25 | 25 | 1 |
| 103 | 103 | 1 | 145 | 145 | 1 | 52 | 52 | 1 | 41 | 41 | 1 |
| 123 | 123 | 1 | 151 | 151 | 1 | 62 | 62 | 1 | 47 | 47 | 1 |
| 131 | 131 | 1 | 169 | 169 | 1 | 87 | 87 | 1 | 60 | 60 | 1 |
| 145 | 145 | 1 | 178 | 178 | 1 | 91 | 91 | 1 | 75 | 75 | 1 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 148 | 148 | 1 | 199 | 199 | 1 | 127 | 127 | 1 | 83 | 83 | 1 |
| 152 | 152 | 1 | 203 | 203 | 1 | 137 | 137 | 1 | 89 | 89 | 1 |
| 175 | 175 | 1 | 220 | 223 | 4 | 158 | 163 | 6 | 108 | 108 | 1 |
| 256 | 256 | 1 | 265 | 265 | 1 | 166 | 166 | 1 | 118 | 118 | 1 |
| 266 | 266 | 1 | 281 | 281 | 1 | 171 | 171 | 1 | 122 | 122 | 1 |
| 290 | 290 | 1 | 325 | 325 | 1 | 184 | 184 | 1 | 151 | 151 | 1 |
| 306 | 306 | 1 | 338 | 339 | 2 | 192 | 192 | 1 | 180 | 180 | 1 |
| 311 | 311 | 1 | 385 | 385 | 1 | 197 | 197 | 1 | 204 | 204 | 1 |
| 320 | 321 | 2 | 389 | 389 | 1 | 245 | 245 | 1 | 214 | 214 | 1 |
| 335 | 335 | 1 | 400 | 402 | 3 | 267 | 267 | 1 | 235 | 237 | 3 |
| 343 | 343 | 1 | 411 | 411 | 1 | 288 | 288 | 1 | 306 | 306 | 1 |
| 366 | 366 | 1 | 413 | 413 | 1 | 316 | 316 | 1 | 315 | 315 | 1 |
| 368 | 368 | 1 | 420 | 535 | 116 | 348 | 348 | 1 | 340 | 340 | 1 |
| Total | | 24 | 537 | 632 | 96 | 355 | 355 | 1 | 350 | 350 | 1 |
| | | | 634 | 746 | 113 | 383 | 384 | 2 | 352 | 353 | 2 |
| | | | 748 | 756 | 9 | 410 | 410 | 1 | 360 | 360 | 1 |
| | | | 758 | 870 | 113 | 423 | 475 | 53 | 364 | 364 | 1 |
| | | | Total | | 473 | 477 | 486 | 10 | 370 | 370 | 1 |
| | | | | | | 488 | 504 | 17 | 380 | 380 | 1 |
| | | | | | | 506 | 531 | 26 | 383 | 383 | 1 |
| | | | | | | 533 | 677 | 145 | 387 | 387 | 1 |
| | | | | | | 679 | 680 | 2 | 395 | 395 | 1 |
| | | | | | | 682 | 900 | 219 | 397 | 397 | 1 |
| | | | | | | Total | | 502 | 403 | 404 | 2 |
| | | | | | | | | | 419 | 419 | 1 |
| | | | | | | | | | 421 | 461 | 41 |
| | | | | | | | | | 463 | 483 | 21 |
| | | | | | | | | | 485 | 487 | 3 |
| | | | | | | | | | 489 | 493 | 5 |
| | | | | | | | | | 495 | 507 | 13 |
| | | | | | | | | | 509 | 626 | 118 |
| | | | | | | | | | Total | | 238 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 17/3.2.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 34 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | ( 1 ) Painkulam Vadakkumuri | 601 | 0 | 601 | 0 | 601 | 0 | 601 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | ( 2 ) Painkulam Centre | 560 | 0 | 560 | 0 | 560 | 0 | 560 | 0 |
| 3 | ( 3 ) Painkulam Kizhakkumuri | 554 | 0 | 554 | 0 | 554 | 0 | 554 | 0 |
| 4 | ( 4 ) Thozhuppadam Centre | 534 | 4 | 530 | 0 | 530 | 0 | 530 | 4 |
| 5 | ( 5 ) Thozhupadam Thekkumuri | 490 | 0 | 490 | 0 | 490 | 0 | 490 | 0 |
| 6 | ( 6 ) Keezhillam | 510 | 0 | 510 | 0 | 510 | 0 | 510 | 0 |
| 7 | ( 7 ) Kulamb | 566 | 0 | 566 | 0 | 566 | 1 | 565 | 1 |
| 8 | ( 8 ) Killimangalam Padinjattumuri | 482 | 0 | 482 | 0 | 482 | 1 | 481 | 1 |
| 9 | ( 9 ) Killimangalam Centre | 495 | 0 | 495 | 0 | 495 | 2 | 493 | 2 |
| 10 | ( 10 ) Uduvadi | 600 | 0 | 600 | 0 | 600 | 2 | 598 | 2 |
| 11 | ( 11 ) Cheragonam | 613 | 6 | 607 | 0 | 607 | 0 | 607 | 6 |
| 12 | ( 12 ) Parappuram | 577 | 4 | 573 | 0 | 573 | 0 | 573 | 4 |
| 13 | ( 13 ) Sreepushkaram | 592 | 9 | 583 | 0 | 583 | 0 | 583 | 9 |
| 14 | ( 14 ) Panjal | 506 | 1 | 505 | 0 | 505 | 0 | 505 | 1 |
| 15 | ( 15 ) Dalapathi | 531 | 4 | 527 | 0 | 527 | 0 | 527 | 4 |
| 16 | ( 16 ) Painkulam Thekkumuri | 450 | 0 | 450 | 0 | 450 | 0 | 450 | 0 |
| | Total | 8661 | 28 | 8633 | 0 | 8633 | 6 | 8627 | 34 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 17/3.2.2023) മറുപടി ലഭ്യമാക്കിയില്ല. ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 9 /236,237 | പങ്കജം മുതൽപേർ | 1812/2021 18.11.2021 | 1.4.2021-30.9.2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 17/3.2.2023) മറുപടി ലഭ്യമാക്കിയില്ല.നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പറഞ്ഞ കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി നിർണയത്തിലെ /കളക്ഷനിലെ അപാകങ്ങൾ

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ ചില കെട്ടിടങ്ങൾക്ക് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപെട്ട ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Year | Period |
|---|---|---|---|---|---|---|
| 1 | 5 | 160 | D | സന്തോഷ്(കളരിക്കൽ,പൈങ്കുളം,പൈങ്കുളം പി ഒ,679531) | 2019 | First Half |
| 2 | 6 | 338 | A | രജനി(തൊട്ടിക്കൽ വളപ്പിൽ വീട്,കിള്ളിമംഗലം,കിള്ളിമംഗലം പി ഒ,680591,9744112310(മൊബൈൽ)) | 2012 | First Half |
| 3 | 6 | 338 | A | രജനി(തൊട്ടിക്കൽ വളപ്പിൽ വീട്,കിള്ളിമംഗലം,കിള്ളിമംഗലം പി ഒ,680591,9744112310(മൊബൈൽ)) | 2012 | Second Half |
| 4 | 6 | 338 | A | രജനി(തൊട്ടിക്കൽ വളപ്പിൽ വീട്,കിള്ളിമംഗലം,കിള്ളിമംഗലം പി ഒ,680591,9744112310(മൊബൈൽ)) | 2013 | First Half |
| 5 | 6 | 338 | A | രജനി(തൊട്ടിക്കൽ വളപ്പിൽ വീട്,കിള്ളിമംഗലം,കിള്ളിമംഗലം പി ഒ,680591,9744112310(മൊബൈൽ)) | 2013 | Second Half |
| 6 | 6 | 338 | A | രജനി(തൊട്ടിക്കൽ വളപ്പിൽ വീട്,കിള്ളിമംഗലം,കിള്ളിമംഗലം പി ഒ,680591,9744112310(മൊബൈൽ)) | 2014 | First Half |
| 7 | 6 | 338 | A | രജനി(തൊട്ടിക്കൽ വളപ്പിൽ വീട്,കിള്ളിമംഗലം,കിള്ളിമംഗലം പി ഒ,680591,9744112310(മൊബൈൽ)) | 2014 | Second Half |
| 8 | 8 | 311 | A | രാമൻ നമ്പൂതിരിപ്പാട്(കിള്ളിമംഗലത്ത് മന,കിള്ളിമംഗലം,കിള്ളിമംഗലം പി ഒ,680591,4884253697(മൊബൈൽ)) | 2019 | First Half |
| 9 | 14 | 372 | | അനിൽകുമാർ(തെക്കേക്കുളത്ത് വീട്,പാഞ്ഞാൾ,പാഞ്ഞാൾ പി ഒ,679531,9995290151(മൊബൈൽ)) | 2013 | Second Half |
| 10 | 15 | 69 | | നാണി അമ്മ(കായാംപൂവ്വത്തിങ്കൽ,8086586945(മൊബൈൽ)) | 2013 | First Half |
| 11 | 15 | 69 | | നാണി അമ്മ(കായാംപൂവ്വത്തിങ്കൽ,8086586945(മൊബൈൽ)) | 2013 | Second Half |
| 12 | 15 | 69 | | നാണി അമ്മ(കായാംപൂവ്വത്തിങ്കൽ,8086586945(മൊബൈൽ)) | 2014 | First Half |
| 13 | 15 | 69 | | നാണി | 2014 | Second |

| | | | | | |
|---|---|---|---|---|---|
| | | | | അമ്മ(കായാംപൂവ്വത്തിങ്കൽ,8086586945(മൊബൈൽ)) | Half |

2. സഞ്ചയ പ്രകാരം 482 കെട്ടിടങ്ങളിലായി 24417 രൂപയുടെ കളക്ഷൻ രസീത് വിവരങ്ങൾ ഇല്ലാതെയാണ് കളക്ഷനായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 17/3.2.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും ആയത് പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി-അപാകങ്ങൾ

തൊഴിൽ നികുതി സംബന്ധിച്ചുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | സിന്ധു എൻ (കാഷ്വൽ സ്വീപ്പർ) | ജി എച്ച് ഡി പാണ്ടാൾ | ഒന്നാം അർദ്ധവർഷം | 48000 | 450 | 300 | 150 |
| 2 | ജിതിൻ' | ഹൈലാൻഡ് റോക്ക് പ്രോഡക്ട്സ് | ഒന്നാം അർദ്ധവർഷം | ലഭ്യമല്ല | 600 | 500 | 100 |
| 3 | മാർട്ടിൻ | ഹൈലാൻഡ് റോക്ക് പ്രോഡക്ട്സ് | ഒന്നാം അർദ്ധവർഷം | ലഭ്യമല്ല | 600 | 500 | 100 |
| 4 | റോഷൻ | ഹൈലാൻഡ് റോക്ക് പ്രോഡക്ട്സ് | ഒന്നാം അർദ്ധവർഷം | ലഭ്യമല്ല | 600 | 500 | 100 |
| 5 | ബെപ്പോൾ | ഹൈലാൻഡ് റോക്ക് പ്രോഡക്ട്സ് | ഒന്നാം അർദ്ധവർഷം | ലഭ്യമല്ല | 600 | 500 | 100 |

2. ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഫൈവ് സ്റ്റാർ ഗ്രാനൈറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | സതേൺ റോക്ക് & അഗ്രഗേറ്റ് മൈനിങ്,പൈങ്കുളം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | സ്വാതി ഡ്രൈവിംഗ് സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 18/3.2.2023), മേല്പറഞ്ഞ സ്ഥാപനങ്ങൾ/ വ്യക്തികൾ 4.2.2023 ന കുറവുണ്ടായിരുന്ന തുക അടവാക്കിയതായി ബന്ധപ്പെട്ട രസീതുകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് കിട്ടേണ്ട വരുമാനം സമയബന്ധിതമായി ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 വ്യാപാരലൈസൻസ്- അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ലൈസൻസ് രജിസ്റ്റർ നം 8 പ്രകാരം ലൈസൻസ് അനുവദിച്ച ചേലക്കര ഗ്രാനൈറ്റ്സ് എന്ന സ്ഥാപനം സമർപ്പിച്ച സത്യവാങ്മൂലം പ്രകാരം സ്ഥാപനത്തിന്റെ മൂലധനം 25.86 കോടി രൂപയാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരവും പഞ്ചായത്ത് ഭരണസമിതിയുടെ 4.3.2020 ലെ 23/1 നമ്പർ തീരുമാന പ്രകാരവും പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ടിയിരുന്നത് 15000/-രൂപയാണ്. എന്നാൽ 10000/-രൂപ മാത്രമാണ് ഈ ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. ബാക്കി നിൽക്കുന്ന 5000/ രൂപ കൂടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 627 |
| 2 | 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 27 |
| 3 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ | 2 |
| 4 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 29 |
| 5 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 156 |
| 6 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് | 57 |
| 7 | ഇതര വ്യവസായങ്ങൾക്കുള്ളവ | 47 |
| 8 | റിസോർട്ടുകൾ | 6 |
| 9 | അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 4 |
| | ആകെ | 955 |

ഗ്രാമപഞ്ചായത്തിൽ ആകെ 955 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2021-22 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 955 കെട്ടിടങ്ങളിൽ 219 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 736 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ 23% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 77% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 21/3.2.2023), കുറവുണ്ടായിരുന്ന തുക അടവാക്കിയതായി ബന്ധപ്പെട്ട രസീതു സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനും, സുരക്ഷിതത്വത്തിന് വെല്ലുവിളികൾ ഉയർത്തുന്നതിനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്. ഭാവിയിൽ ലൈസൻസ് നൽകുമ്പോൾ ചട്ട പ്രകാരമുള്ള ഫീ സമയബന്ധിതമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 വാടക - അപാകതകൾ

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ സ്ഥലത്ത് പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടകയായി 2016-17

സാമ്പത്തിക വർഷം മുതൽ 1236/- രൂപ മാത്രമാണ് പ്രതിമാസം ഈടാക്കി വരുന്നത്. നാളിതു വരെയായി വാടക വർദ്ധനവ് വരുത്തിയിട്ടില്ല. മാത്രമല്ല നിയമപ്രകാരമുള്ള ജി.എസ്.ടി യും 2021-22 സാമ്പത്തിക വർഷം വരെ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 20/3.2.2023) മറുപടി ലഭ്യമാക്കിയില്ല. വാടക നിരക്കിൽ വർദ്ധനവ് വരുത്തേണ്ടതും ജി.എസ്.ടി ഈടാക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ലേലം-അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടത്തിയിട്ടുള്ള ലേലങ്ങളുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. പഞ്ചായത്ത് ഭരണസമിതിയുടെ 20.9.2021 ലെ 33(1) നമ്പർ തീരുമാന പ്രകാരം പരസ്യലേലം / ക്വട്ടേഷൻ ചെയ്യാൻ തീരുമാനിച്ച മാവ്, വിറക്, മുള്ളുവേങ്ങ് എന്നിവ 10.11.2021 ന പരസ്യലേലം / ക്വട്ടേഷൻ ചെയ്യുകയും അതിൽ ഉയർന്ന തുകക്ക് (ആകെ 40000/- രൂപ) ക്വോട്ട് ചെയ്ത യു ശങ്കുണ്ണി, ഉണ്ടിക്കൽ വീട് എന്നവരുടെ ക്വട്ടേഷൻ ഭരണസമിതിയുടെ 22.11.2021 ലെ 28/1 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ലേലത്തിന്റെ വിവരങ്ങൾ ലേല രജിസ്റ്ററിൽ രേഖപെടുത്തിയിട്ടില്ല. കൂടാതെ ലേലം മുഖേന ലഭിക്കേണ്ടിയിരുന്ന 40000/- രൂപ പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ഈ തുക വാർഷിക കണക്കിൽ ഉൾപെടുകയും ചെയ്തിട്ടില്ല. പ്രസ്തുത ലേലം മുഖേനയുള്ള തുക പഞ്ചായത്തിൽ വരവ് വെച്ചിട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പണം അടവാക്കിയ രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. ലേലം രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 4 ലേലങ്ങളാണ് പഞ്ചായത്തിൽ നടന്നിട്ടുള്ളത്. ആയതിൽ താഴെ കൊടുത്തിരിക്കുന്ന ലേലങ്ങളുടെ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | ലേല ഇനം | ലേലം ചെയ്ത തുക/വ്യക്തി | ലേലം അംഗീകരിച്ച ഭരണസമിതി തീരുമാന നമ്പർ |
|---|---|---|---|
| 1 | വിറക്/മരശിഖരങ്ങൾ | 7000 / കൃഷ്ണൻ കുട്ടി യു | 30.7.2021ലെ 5(2) നമ്പർ തീരുമാനം |
| 2 | വാർഡ് 16 ലെ മരം -തേക്ക്<br>വാർഡ് 6 ലെ മരം അക്വോഷ്യ | 47500 / മുഹമ്മദ് കുട്ടി | 20.9.2021 ലെ 39(1) നമ്പർ തീരുമാനം |
| 3 | സ്ക്രാപ്പ് മെറ്റീരിയൽസ് | 25200 / ശങ്കുണ്ണി | 20.9.2021 ലെ 38(1) നമ്പർ തീരുമാനം |

3. പാഞ്ഞാൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതും ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ചതുമായ സ്ട്രീറ്റ് ലൈറ്റുകളുടെ ഉപയോഗ ശൂന്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ ലേലം / ക്വട്ടേഷൻ വഴി വില്പന നടത്താനുള്ള ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 22.2.2022ൽ ലേലം / ക്വട്ടേഷൻ നടത്തിയെങ്കിലും ലഭിച്ച ക്വട്ടേഷനുകൾ വാല്യുവേഷൻ തുകയേക്കാൾ കുറഞ്ഞ തുകയായതിനാൽ 26.2.2022ൽ പുനർക്വട്ടേഷൻ /പുനർലേല പരസ്യം പ്രസിദ്ധീകരിക്കുകയും 5.3.2022 തീയതിയിൽ പുനർലേലം /പുനർ ക്വട്ടേഷൻ നടത്തുകയും ചെയ്തു. പുനർക്വട്ടേഷൻ /പുനർലേല പരസ്യ നോട്ടീസിൽ ലേല തുകയ്ക്ക് പുറമെ നിയമാനുസൃത നികുതികളും അടവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 5.3.2022 ന നടത്തിയ പുനർലേലം /പുനർ ക്വട്ടേഷനിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുകകൾ ലേലം വിളിക്കുക/ ക്വോട്ട് ചെയ്യുകയുണ്ടായി.

| ക്രമ നമ്പർ | ലേലത്തിൽ പങ്കെടുത്തവർ | | മുദ്ര വെച്ച കവറിൽ ക്വട്ടേഷൻ സമർപ്പിച്ചവർ | |
|---|---|---|---|---|
| | പേര് | ലേലം വിളിച്ച തുക | പേര് | ക്വട്ടേഷൻ തുക |
| 1 | അനിൽ കുമാർ, എവർഗ്രീൻ കേരള ഏജൻസിസ് | 40000 | അനിൽ കുമാർ, എവർഗ്രീൻ കേരള ഏജൻസിസ് | 50612(18% ജി.എസ്.ടി ഉൾപ്പടെ ) |

| | | | | |
|---|---|---|---|---|
| 2 | രാമൻകുട്ടി കെ കെ , കുളങ്ങര | 43000 | മണികണ്ഠൻ , കളത്തു ഹൗസ് | 21000 |
| 3 | നവാസ് പാലത്തിങ്കൽ | 43500 | ഷിജാസ് കെ ജെ , കരിപ്പായിൽ | 36786 |
| 4 | ബിബിൻ ബാബുകുട്ടി. കാട്ടു തറയിൽ | 42000 | കെ മുഹമ്മദ് കുട്ടി, കല്ലത്താണിക്കൽ | 31100(18% ജി.എസ്.ടി ഉൾപ്പടെ ) |

ഭരണസമിതിയുടെ 7.3.2022 ലെ 3(1) നമ്പർ തീരുമാന പ്രകാരം ഉയർന്ന തുക ക്വോട്ട് ചെയ്ത ശ്രീ അനിൽ കുമാർ, എവർഗ്രീൻ കേരള ഏജൻസിസ് എന്നിവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ബാക്കിയുള്ള എല്ലാവരുടെയും ലേലത്തുക/ ക്വട്ടേഷൻ നിരസിക്കുകയും ചെയ്തു. എന്നാൽ അംഗീകരിച്ച ക്വട്ടേഷൻ തുക 18% ജി.എസ്.ടി ഉൾപ്പടെയുള്ളതാണ്. അതായത് യഥാർത്ഥത്തിൽ ശ്രീ അനിൽ കുമാർ, എവർഗ്രീൻ കേരള ഏജൻസിസ് എന്നിവർ ക്വോട്ട് ചെയിട്ടിട്ടുള്ള തുക 42892/-രൂപ മാത്രമാണ്. പ്രസ്തുത തുകയേക്കാൾ കൂടുതൽ തുക ലേലത്തിൽ പങ്കെടുത്ത രണ്ട് പേർ വിളിച്ചിട്ടുള്ള (ശ്രീ രാമൻകുട്ടി കെ കെ ,കുളങ്ങര (43000/-രൂപ), ശ്രീ നവാസ് പാലത്തിങ്കൽ (43500/-രൂപ) എന്നിവർ ) സാഹചര്യത്തിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത വ്യക്തിയുടെ ലേലം/ ക്വട്ടേഷൻ അംഗീകരിച്ച നല്കാനുണ്ടായ കാരണം വ്യക്തമല്ല .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 22/3.2.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ കാര്യങ്ങൾക്കുള്ള വിശദീകരണം ഈ റിപ്പോർട്ടിന്റെ ആദ്യമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 ഭൂവികസന പെർമിറ്റ് ഇല്ലാതെ ഭൂമി പ്ലോട്ടുകളായി വില്പന നടത്തി-തുടർനടപടികൾ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതിയുടെ 20.9.2021 ലെ യോഗത്തിലെ 46(1) നമ്പർ തീരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അജണ്ട

ശ്രീ സി എൽ ജോസഫ്, സിഎൽ എബ്രഹാം, സിഎൽ ജോൺ, കല്ലൂർ വീട്, കാഞ്ഞിരപ്പിള്ളി, കോട്ടയം എന്നവർ ബി2-3050/2021 ആയി 13/08/2021 തിയതിയിൽ ഭൂവികസന പെർമിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടിയാന് തൃശ്ശൂർ ജില്ലാ നഗരാസൂത്രകൻ TCPTSR/183/2021-C1-Ddis,16/07/2021 നമ്പർ പ്രകാരം ലേ ഔട്ട് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. അംഗീകാരം ലഭിച്ച ടി ലേ ഔട്ട് പ്രകാരമാണ് വികസനപെർമിറ്റ് അനുവദിക്കേണ്ടത്. ഇതിൽനിന്ന് വ്യത്യാസപ്പെടുത്തി വികസനപെർമിറ്റ് അനുവദിക്കുന്നതിന് കെപിബിആർ 2019 പ്രകാരം അനുവദനീയമല്ലാത്തതാണ്. ടിയാൻ സമർപ്പിച്ച ഭൂവികസന പെർമിറ്റിനുള്ള അപേക്ഷയിൽ ഭൂനികുതി റസീതി കാലികമല്ലാത്തതിനാൽ ബി2-3050/2021 നമ്പറായി 17/08/2021 ന് ടിയാന് നോട്ടീസ് നൽകുകയുണ്ടായിട്ടുണ്ട്. ഇതിനുസരിച്ച് 24/08/2021 തിയതിയിൽ 2021-22 സാമ്പത്തികവർഷത്തെ ഭൂനികുതി റസീതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ലഭ്യമാക്കിയ ഭൂനികുതി രസീതി ഉൾപ്പടെ രേഖകളുടെ പരിശോധനയും സ്ഥലപരിശോധനയും പൂർത്തിയാക്കി ന്യൂനതകൾ ടിയാന് 08/09/2021 തിയതിയിൽ ബി2-3050/2021 (2) കത്തുമുഖേന അറിയിച്ചിട്ടുണ്ട്. ന്യൂനതകൾ താഴെകാണും പ്രകാരമായിരുന്നു.

1. ജില്ലാ നഗരാസൂത്രകൻ TCPTSR/183/2021-C1-Ddis,16/07/2021 നമ്പർ പ്രകാരം അംഗീകരിച്ച 28/2021 ലേഔട്ട് ഉത്തരവിൽ സർവ്വേ നമ്പർ 46 ഉൾപ്പെട്ടതായി കാണുന്നില്ല. എന്നാൽ താങ്കൾ സമർപ്പിച്ച അപേക്ഷയിലുള്ള പ്ലാനിലും ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളിലും സർവ്വേ നമ്പർ 46 പ്രതിപാദിച്ചതായി കാണുന്നു. ടി സർവ്വേനമ്പർ ഭൂവികസനത്തിനായി ഉപയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

2.അപക്ഷയോടൊപ്പം സമർപ്പിച്ച രേഖകളിൽനിന്നും TCPTSR/183/2021-C1-Ddis,16/07/2021 ഉത്തരവുപ്രകാരം ലേഔട്ട് അംഗീകാരം ലഭിച്ച സർവ്വേനമ്പറുകളിലായി ഉടമസ്ഥരുടെ കൈവശം ടി ഉത്തരവുപ്രകാരം അംഗീകാരം നൽകിയ 41762.82 ച മീറ്ററിൽ കൂടുതൽ സ്ഥലം കൈവശമുണ്ടായിരുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ ഏതൊക്കെ സർവ്വേ നമ്പറിലുള്ള എത്രസ്ഥലമാണ്, ടി സർവ്വേ നമ്പറുകളിൽ ഏതൊക്കെ പ്ലോട്ടുകളാണ് ഭൂവികസനത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് പ്ലാനിൽ വ്യക്തമാക്കിയിട്ടില്ല. ഈ വിവരം പ്ലാനിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ടി വിവരം ആധികാരികമാക്കുന്നതിനായി വില്ലേജ് ഓഫീസിൽനിന്നും സ്കെച്ച് ലഭ്യമാക്കേണ്ടതാണ്.

3.ഈ ഓഫീസിലെ ബി2-3050/2021, 17/08/2021 നമ്പർകത്തിന് മറുപടിയായി തൻവർഷത്തെ(2021-22) 24/08/2021 ന് അടവാക്കിയ ഭൂനികുതി രസീതി താങ്കൾ ഹാജരാക്കിയിട്ടുണ്ട്. ടി റസീതിയിൽലുള്ള ഭൂവികസനത്തിനായി ലേ ഔട്ട് അംഗീകാരം ലഭിച്ച സർവ്വേനമ്പറുകളിലുള്ള സ്ഥലത്തിൻറെ ആകെ വ്യാപ്തി അപക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന ഭൂനികുതി രസീതിലും കൈവശ സർട്ടിഫിക്കറ്റിലും ടി സർവ്വേനമ്പറുകളിലായി രേഖപ്പെടുത്തിയ ആകെ വ്യാപ്തിയിൽനിന്നും വ്യത്യാസപ്പെട്ടതായി കാണുന്നു. ടി വ്യത്യാസം വന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

4. ഭൂവികസനത്തിനായി TCPTSR/183/2021-C1-Ddis,16/07/2021 പ്രകാരം ലേഔട്ട് അംഗീകാരം ലഭിച്ച സ്ഥലങ്ങളിൽ ചില പ്ലോട്ടുകളിൽ മതിൽ കെട്ടി വേർതിരിച്ചിട്ടുണ്ട്. ടി സ്ഥലങ്ങളിൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ(കെപിബിആർ 2019) ചട്ടം 31(iii) പ്രകാരം ആവശ്യമായ 7 മീറ്റർ വഴി ഇല്ല സ്ഥലപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. TCPTSR/183/2021-C1- Ddis,16/07/2021 പ്രകാരം ലേഔട്ട് പ്ലാനിൽ ടി വഴി 7 മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്(ഉദാഹരണം പ്ലോട്ട് 1 നം 18 നം ഇടക്കുള്ളവഴി). യഥാർത്ഥത്തിൽ ടി സ്ഥലത്ത് ലഭ്യമായ വഴി ഉൾപ്പെടുത്തി പ്ലാൻ പുനസമർപ്പിക്കേണ്ടതാണ്.

5. കെപിബിആർ 2019 ലെ ചട്ടം 3(vii) പ്രകാരം ആവശ്യമായ വഴി (ഉദാഹരണം പ്ലോട്ട് 45 നം പ്ലോട്ട് 59 നം ഇടക്ക്) ഉള്ളതായി കാണുന്നില്ല.

6. കൂടാതെ ഭൂവികസനത്തിനായി വേർതിരിച്ച സ്ഥലങ്ങളിൽ ചില നിർമ്മാണപ്രവർത്തികൾ നടന്നു വരുന്നതായി കാണുന്നു. ടി സ്ഥലങ്ങൾ കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

എന്നാൽ ടിയാൻ കത്തിന് മറുപടി നൽകിയിട്ടില്ല. സിഎൽ ജോസഫ് എന്നവർ ഭരണസമിതി മുമ്പാകെ ഇടപെടലിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ അപേക്ഷസമർപ്പിച്ചതിൻമേൽ നടപടി കാലതാമസമില്ലാത്തതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ റൂൾ 235 കെ പ്രകാരമുള്ള നടപടിക്രമങ്ങൾക്ക് സാധുതയില്ലാത്തതാണ്. ന്യൂനത പരിഹരിക്കുന്നതിന് അപേക്ഷകന് നൽയിട്ടുള്ള കത്ത് പ്രകാരം ടിയാൻ സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് നിയമാനുസൃത തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി ഭരണസമിതി യെ അറിയിച്ചു.

തീരുമാനം

ശ്രീ സി എൽ ജോസഫ്, സിഎൽ എബ്രഹാം, സിഎൽ ജോൺ, കല്ലൂർ വീട്, കാഞ്ഞിരപ്പിള്ളി, കോട്ടയം എന്നവർ ഭൂവികസന പെർമിറ്റ് ലഭിക്കുന്നതിനുള്ള പോരായ്മകൾ പരിഹരിച്ച് ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷ ഭരണസമിതി പരിശോധിച്ചു.

അപേക്ഷകൻറെ പരാതിയിന്മേലുള്ള സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ച്, തൃശ്ശൂർ ജില്ലാ നഗരാസൂത്രകൻ നിബന്ധനകളോടെ അനുവദിച്ച TCP TSR/183/2021- C1-Ddis Dated 16/07/2021 നമ്പർ ലേഔട്ട് പ്രകാരം സ്ഥലപരിശോധനയിൽ റോഡിൻറെ അളവിൽ ചില ഭാഗങ്ങളിൽ വീതിയിൽ കുറവുകൾ കാണുന്നതായും, ഭൂവികസന പെർമിറ്റ് ലഭിക്കുന്നതിന് മുമ്പ്തന്നെ, 60 (അറുപത്) ൽ പരം പ്ളോട്ടുകൾ വില്പനനടത്തി, പ്ളോട്ട് വാങ്ങിയ ഉടമസ്ഥരുടെ കൈവശത്തിലിരിക്കുന്നതും, ഇതിൽതന്നെ കുറച്ച്പേർ വാങ്ങിയസ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും, പ്ളോട്ടുകൾ വാങ്ങിയവർ കെട്ടിടനിർമ്മാണഅനുമതിക്കായി (BUILDING PERMIT) അപേക്ഷ സമർപ്പിക്കുമ്പോൾ, ഭൂവികസനപെർമിറ്റ് ഹാജരാക്കാത്തതിനാൽ നിർമ്മാണഅനുമതി നിരസ്സിക്കുന്നതായും, മനസ്സിലാക്കുവാൻ കഴിഞ്ഞു.

ഭൂവികസന പെർമിറ്റ് ലഭിക്കാതെ, ഭൂമി (41762.82ച.മീ.) പ്ളോട്ടുകൾ തിരിച്ച് വിൽപ്പന നടത്തിയത് K.P.B.R. ചട്ടങ്ങളുടെ ലംഘനമാണെന്നും, ടി ഭൂമിയുടെ ഉടമസ്ഥർ ഗ്രാമപഞ്ചായത്തിലേക്ക് അടവാക്കേണ്ട ഫീസ് ഒടുക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന് സാമ്പത്തീകനഷ്ടം ഉണ്ടാക്കിയതായും ബോധ്യപ്പെട്ടു.

കെട്ടിടനിർമ്മാണത്തിനായി സ്ഥലം വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് 27/11/2013 ൽ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് നമ്പർ 64804/ ആർ.എ 1/2013/ത.സ്വ.ഭ.വ. പുറപ്പെടുവിച്ച സർക്കുലർ പരിശോധിച്ച് ഭൂമി വാങ്ങിക്കാതിരുന്നത് , മേൽപ്രസ്താവിച്ച പ്ളോട്ടുകൾ, വാങ്ങിയവരിൽ ഭൂരിപക്ഷംപേരും ടി പ്രദേശത്തുള്ളവരും, ടി സർക്കുലറിനെക്കുറിച്ച് അറിയാത്തവരുമായിരുന്നെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഗ്രാമീണമേഖലയായ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ വാങ്ങിച്ച 60 (അറുപത്) ൽ പരം പ്ളോട്ടുകളിൽ ഭവനനിർമ്മാണത്തിന് ഭൂവികസനപെർമ്മിറ്റ് ഇല്ലാതെ ഭൂവികസനത്തിൻറെ ഫീസ് കുടിശ്ശിക സഹിതം ഒടുക്കി BUILDING PERMIT ലഭ്യമാക്കേണ്ടതുണ്ടെന്ന് ഭരണസമിതി ഏകകണ്ഠമായി അഭിപ്രായപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ, ഭൂവികസനവുമായി ബന്ധപ്പെട്ട പോരായ്മകൾ ക്രമവത്ക്കരിക്കുന്നതിനും, പ്ളോട്ടുകളുടെ വിൽപ്പന

സാധൂകരിച്ച്, ഫീസും, പിഴയും ചുമത്തി ഭൂവികസന പെർമ്മിറ്റ് അനുവദിക്കുന്നതിന് ആവശ്യമായ സർക്കാർഉത്തരവ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് അപേക്ഷകനെ അറിയിക്കുന്നതിനും, സർക്കാരിൻറെ അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും ഭരണസമിതി ഏകകണ്ഠമായി തീരുമാനിച്ചു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 17.12.2021 ലെ ബി2-3050/2021(7) നമ്പർ കത്തു പ്രകാരം ഈ വിഷയത്തിൽ കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങൾ 2019 ലെ ചട്ടം 109 പ്രകാരം സംശയം ദൂരീകരിക്കുന്നതിനും തടസ്സങ്ങൾ മാറ്റി നല്കുന്നതിനുമായുള്ള അപേക്ഷ സെക്രട്ടറി ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറിക്കു നൽകിയിട്ടുണ്ട്. ഈ വിഷയത്തിലുണ്ടായ തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 22/3.2.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ മുഖേന ബഹു.പഞ്ചായത്ത് ഡയറക്ടർ 31.10.2022 ലെ PAN/2394/2022-C1(DP) നമ്പർ കത്ത് ലഭ്യമാക്കിയതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ ഈ വിഷയത്തിൽ കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങൾ 2019 ലെ ചട്ടം 92 ന വിധേയമായി ഭൂവികസനം സെക്രട്ടറിക്ക് റെഗുലറൈസ് ചെയ്യാവുന്നതാണെന്നും ചട്ടം 95(4) ന വിധേയമായി ഉടമസ്ഥനിൽ നിന്നും കോമ്പൗണ്ടിങ്ങ് ഫീ ഈടാക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ അംഗീകരിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമാണം നടത്തുന്ന പക്ഷം താൽകാലികമായി നിർത്തി വെയ്ക്കുന്നതിനോ പെർമിറ്റ് റദ്ദ് ചെയ്യുന്നതിനോ ചട്ടം 89 പ്രകാരം സെക്രട്ടറിക്ക് അധികാരമുള്ളതാണെന്നും അനധികൃതമായി ഭൂവികസന പ്രവൃത്തികൾ ആരംഭിച്ചതായോ നടക്കുന്നതായോ കാണുന്നുവെങ്കിൽ സെക്രട്ടറിക്ക് ചട്ടം 91 പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്

1. 2021-22 ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 1 ക്വാറി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ക്വാറി ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) താഴെ കാണും വിധം സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ നടത്താമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്.

| ക്രമ നം | ലൈസൻസ് രജിസ്റ്റർ നം | സ്ഥാപനം/ഉടമ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം | നടപ്പാക്കാനുദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ തുക |
|---|---|---|---|---|
| 1 | 8 | കെ ആർ വിശ്വനാഥൻ , മാനേജിങ്ങ് പാർട്ട്ണർ, ചേലക്കര ഗ്രാനൈറ്റ്സ് | 855/SEIAA /ECl/2979/2015 തി.18.5.2019 | 4000000/- രൂപ (പ്രൊജക്റ്റ് കോസ്റ്റിന്റെ 2%) |

2. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-20(2) ൽ 2019-24 കാലഘട്ടത്തിലേക്ക് ഒരു ക്വാറിക്കു ലൈസൻസ് നൽകിയതായി പരാമർശിച്ചിട്ടുണ്ട്. സതേൺ റോക്ക് & അഗ്രഗേറ്റ് മൈനിങ്ങ്, പൈങ്കുളം എന്ന ക്വാറിക്കാണ് പ്രസ്തുത ലൈസൻസ് നൽകിയിട്ടുള്ളത്. 05.12.2014 തീയതിയിലെ നം.285/SEIAA/KL/1362/2014 Environmental Clearance Certificate പ്രകാരം പ്രസ്തുത സർട്ടിഫിക്കറ്റിന്റെ കാലാവധി 01.10.2014 മുതൽ അഞ്ച് വർഷത്തേക്കാണ്. അതായത് 30.09.2019 വരെ മാത്രമാണ് നിലവിൽ അനുമതിയുള്ളത്. പുതുക്കിയ അനുമതി ലഭ്യമാക്കി പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി നിർദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ വിവരം ശേഖരിച്ച് ആയത് നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

3. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-20(1) ൽ ശോഭന.പി, പാലുതൊടി വീട്, കൊളപ്പുള്ളി എന്നവരുടെ പൈങ്കുളം വില്ലേജിൽ സർവ്വേ നം. 601/1 ൽ പ്രവർത്തിക്കുന്ന ക്വാറിക്ക് ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ Environmental Clearance Order No. E1/4233/2018/DEIAA/TSR, Dtd.18.07.2018 പ്രകാരം 6,50,000/- രൂപയുടെ CSR പ്രവർത്തനങ്ങൾ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതായും CSR പ്രവർത്തനങ്ങൾ

നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ലായെന്നും പരാമർശിച്ചിട്ടുണ്ട്.

മേല്പറഞ്ഞ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ, രേഖപ്പെടുത്തി വയ്ക്കുന്നതിനോ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും മേൽ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 24/3.2.2023) മറുപടി ലഭ്യമാക്കിയില്ല.

2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന/ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെയും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കാനുതകുന്ന ഒരു സംവിധാനം പഞ്ചായത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-23 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | പെൻഷൻ ഐഡി | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ഭാഗീരഥി അമ്മ | 107370201538 | 26.4.2021 | ആക്ടീവ് |
| 2 | രാമൻ നായർ | 107370100473 | 17.2.2021 | ആക്ടീവ് |
| 3 | കോരൻ | 107370201752 | 9.7.2021 | ആക്ടീവ് |
| 4 | ലക്ഷ്മി അമ്മ | 107370600015 | 18.8.2021 | ആക്ടീവ് |
| 5 | വിലാസിനി | 107370100805 | 17.9.2021 | ആക്ടീവ് |
| 6 | രാധമ്മ | 107370100202 | 21.9.2021 | ആക്ടീവ് |
| 7 | ഫാത്തിമ ബീവി | 107370201504 | 12.9.2021 | ആക്ടീവ് |
| 8 | സുബ്രഹ്മണ്യൻ | 107370200935 | 18.9.2021 | ആക്ടീവ് |
| 9 | കാളി | 107370200497 | 8.1.2022 | ആക്ടീവ് |
| 10 | വിജയലക്ഷ്മി | 107370601304 | 31.1.2022 | ആക്ടീവ് |
| 11 | ശ്രീധരൻ പി കെ | 107370400210 | 10.2.2022 | ആക്ടീവ് |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | വിവരം | | | |
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ഭാഗീരഥി അമ്മ | 107370201538 | വാർദ്ധക്യകാല പെൻഷൻ | 26.4.2021 | 44/2021 24.5.2021 | ആക്ടീവ് | 5/21 - 11/22 | 1600 | 30400 | 30400 |
| 2 | രാമൻ നായർ | 107370100473 | കർഷക തൊഴിലാളി പെൻഷൻ | 17.2.2021 | 45/2021 1.6.2021 | ആക്ടീവ് | 3/21 | 1500 | 1500 | 33500 |
| | | | | | | | 4/21 - 11/22 | 1600 | 32000 | |
| 3 | കോരൻ | 107370201752 | വാർദ്ധക്യകാല പെൻഷൻ | 9.7.2021 | 72/2021 2.8.2021 | ആക്ടീവ് | 8/21 - 11/22 | 1600 | 25600 | 25600 |
| 4 | ലക്ഷ്മി അമ്മ | 107370600015 | വിധവ പെൻഷൻ | 18.8.2021 | 91/2021 22.9.2021 | ആക്ടീവ് | 9/21 - 11/22 | 1600 | 24000 | 24000 |
| 5 | വിലാസിനി | 107370100805 | കർഷക തൊഴിലാളി പെൻഷൻ | 17.9.2021 | 97/2021 28.9.2021 | ആക്ടീവ് | 10/21 - 11/22 | 1600 | 22400 | 22400 |
| 6 | രാധമ്മ | 107370100202 | കർഷക തൊഴിലാളി പെൻഷൻ | 21.9.2021 | 104/2021 12.10.2021 | ആക്ടീവ് | 10/21 - 11/22 | 1600 | 22400 | 22400 |
| 7 | സുബ്രഹ്മണ്യൻ | 107370200935 | വാർദ്ധക്യകാല പെൻഷൻ | 18.9.2021 | 111/2021 21.10.2021 | ആക്ടീവ് | 10/21 - 11/22 | 1600 | 22400 | 22400 |
| 8 | കാളി | 107370200497 | വാർദ്ധക്യകാല പെൻഷൻ | 8.1.2022 | 5/2022 ലഭ്യമല്ല | ആക്ടീവ് | 2/22 - 11/22 | 1600 | 16000 | 16000 |
| 9 | വിജയലക്ഷ്മി | 107370601304 | വിധവ പെൻഷൻ | 31.1.2022 | 10/2022 15.2.2022 | ആക്ടീവ് | 2/22 - 11/22 | 1600 | 16000 | 16000 |
| 10 | ശ്രീധരൻ പി കെ | 107370400210 | ഇന്ദിര ഗാന്ധി ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 10.2.2022 | 23/2022 23.2.2022 | ആക്ടീവ് | 3/22 - 11/22 | 1600 | 14400 | 14400 |
| 11 | ഏലിയാമ്മ | 107370200547 | വാർദ്ധക്യകാല പെൻഷൻ | 14.3.2021 | 37/2021 17.4.2021 | സസ്പെൻഡ് | 4/21 - 5/21 | 1600 | 3200 | 3200 |
| 12 | സി വി ജോസഫ് | 107370200559 | വാർദ്ധക്യകാല പെൻഷൻ | 7.3.2021 | 46/2021 1.6.2021 | സസ്പെൻഡ് | 4/21 - 9/22 | 1600 | 28800 | 28800 |
| 13 | കാർത്യായനി | 107370202011 | വാർദ്ധക്യകാല പെൻഷൻ | 9.5.2021 | 57/2021 24.6.2021 | സസ്പെൻഡ് | 6/21 - 8/21 | 1600 | 4800 | 4800 |
| 14 | കദീജ | 107370200650 | വാർദ്ധക്യകാല പെൻഷൻ | 29.3.2021 | 82/2021 26.8.2021 | സസ്പെൻഡ് | 4/21 - 11/21 | 1600 | 12800 | 12800 |
| 15 | അമ്മിണി | 107370100634 | കർഷക തൊഴിലാളി പെൻഷൻ | 29.9.2021 | 109/2021 18.10.2021 | സസ്പെൻഡ് | 10/21 - 12/21 | 1600 | 4800 | 4800 |
| 16 | കല്യാണി | 107370600552 | വിധവ പെൻഷൻ | 25.2.2021 | 121/2021 27.10.2021 | സസ്പെൻഡ് | 3/21 | 1500 | 1500 | 6300 |
| | | | | | | | 4/21 - 6/21 | 1600 | 4800 | |
| 17 | ശശിധരൻ പി ജി | 107370201519 | വാർദ്ധക്യകാല പെൻഷൻ | 24.8.2021 | 122/2021 28.10.2021 | സസ്പെൻഡ് | 9/21 - 6/22 | 1600 | 16000 | 16000 |
| 18 | ഭാസ്കരൻ | 107370202183 | വാർദ്ധക്യകാല പെൻഷൻ | 15.10.2021 | 125/2021 9.11.2021 | സസ്പെൻഡ് | 11/21 - 2/22 | 1600 | 6400 | 6400 |
| 19 | അയ്യപ്പൻ | 107370201251 | വാർദ്ധക്യകാല പെൻഷൻ | 30.10.2021 | 128/2021 12.11.2021 | സസ്പെൻഡ് | 11/21 - 1/22 | 1600 | 4800 | 4800 |
| 20 | ജോർജ് | 107370200827 | വാർദ്ധക്യകാല പെൻഷൻ | 29.11.2021 | 136/2021 13.12.2021 | സസ്പെൻഡ് | 12/21 - 1/22 | 1600 | 3200 | 3200 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 21 | ജാനകി അമ്മ | 107370201387 | വാർദ്ധക്യകാല പെൻഷൻ | 11.2.2022 | 28/2022 10.3.2022 | സസ്പെൻഡ് | 3/22 - 6/22 | 1600 | 6400 | 6400 |
| | ആകെ അധികം നൽകിയ തുക | | | | | | | | | 324600 |

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ പാഞ്ഞാൾ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ജോർജ് | 2220281132 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 6.8.2021 | 81/2021 18.8.2021 | ആക്ടീവ് | Agriculture Office,Panjal | 9/21 - 11/22 | 1600 | 24000 | 24000 |
| 2 | പങ്കജാക്ഷി നാരായണൻ | 107940100381 | കർഷക തൊഴിലാളി പെൻഷൻ | 28.8.2021 | 101/2021 12.10.2021 | ആക്ടീവ് | അന്നമനട ഗ്രാമപഞ്ചായത്ത് | 9/21 - 11/22 | 1600 | 24000 | 24000 |
| 3 | ജോർജ് സി സി | 101690224936 | വാർദ്ധക്യകാല പെൻഷൻ | 26.9.2021 | 143/2021 22.12.2021 | സസ്പെൻഡ് | കൊച്ചി കോർപറേഷൻ | 10/21 - 4/22 | 1600 | 12800 | 12800 |
| 4 | അബ്ദുൽ റഹ്മാൻ | 107250201883 | വാർദ്ധക്യകാല പെൻഷൻ | 6.12.2021 | 149/2021 23.12.2021 | സസ്പെൻഡ് | ദേശമംഗലം ഗ്രാമപഞ്ചായത്ത് | 1/22 | 1600 | 1600 | 1600 |
| | ആകെ അധികം നൽകിയ തുക | | | | | | | | | | 62400 |

4. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിനോടൊപ്പമുള്ള ലിസ്റ്റിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐഡി | പെൻഷൻ വിതരണം തുടങ്ങിയ തീയതി |
|---|---|---|---|
| 1 | ജാനകി | 107370100845 | 01/11/2011 |
| 2 | രാജേശ്വരി എം | 107370201344 | 18/07/2016 |

മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/3.2.2023) മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം

ശേഖരിച്ച അതാത്ത മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ 324600/- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചും ക്രമ നമ്പർ (4)ൽ പരാമർശിച്ച വ്യക്തികളിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 തനത് ഫണ്ട് - പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണോദ്യഗസ്ഥന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് മാറ്റുന്നു

സർക്കാർ ഉത്തരവ് 88/2018/ധന, തീയതി 11.06.2018, ഖണ്ഡിക 4, 5.3 എന്നിവ പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ ഉൾപ്പെടെ നേരിട്ട് ഗുണഭോക്താവിലേയ്ക്ക് നല്കണമെന്ന് നിർദ്ദേശമുള്ളതാണ്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 34(2) പ്രകാരവും, പണം കിട്ടേണ്ട ആളിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന രീതിയിൽ തുക കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 27.01.2017 തീയതിയിലെ സർക്കുലർ നമ്പർ, 06/2017/ധനം പ്രകാരവും പരമാവധി ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നേരിട്ട് നല്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ തനതു ഫണ്ടിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥൻ അലോട്ട്മെന്റ് ആവശ്യപ്പെടുന്ന തുക, പ്രസിഡണ്ട് /സെക്രട്ടറി എന്നവർ അധികൃതമാക്കി, നിർവ്വഹണോദ്യോഗസ്ഥന്റെ ആവശ്യപ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ 22.11.2021 1/3 നമ്പർ യോഗതീരുമാനം പ്രകാരം ആരംഭിച്ച നിർവ്വഹണോദ്യോഗസ്ഥന്റെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്( കേരള ഗ്രാമീൺ ബാങ്ക്, കിള്ളിമംഗലം ശാഖ, അക്കൗണ്ട് നമ്പർ 40709101034466). നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക മാറ്റുന്നതിനായാണ് ഫോം TR 59 E തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്നതെങ്കിലും സെക്രട്ടറി തുക നല്കുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്കാണ്. നിർവ്വഹണോദ്യോഗസ്ഥൻ പിന്നീട് ഗുണഭോക്താക്കളുടെ അക്കൌണ്ടിലെയ്ക്ക് തുക മാറ്റുകയാണ് ചെയ്യുന്നത്. ഇത് നേരിട്ട് ഗുണഭോക്താക്കൾക്ക് തുക നല്കുകയെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. സർക്കാർ ഉത്തരവിനും നിർദ്ദേശങ്ങൾക്കും വിരുദ്ധമായും നിർവ്വഹണോദ്യോഗസ്ഥന്റെ റിക്വസിഷനിൽ ആവശ്യപ്പെട്ട ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് മാറ്റുന്നത് ഉറപ്പുവരുത്താതെ, നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൌണ്ടിലേക്ക് തുക മാറ്റുന്നത് ശരിയല്ല. നിർവ്വഹണോദ്യോഗസ്ഥന്റെ ബാങ്ക് അക്കൌണ്ടിലേക്ക് തുക മാറ്റിയിടുമ്പോൾ തന്നെ, ഈ തുക വാർഷികകണക്കിലും പ്ലാൻ ചെലവ് തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്‌വെയറിലും ചെലവായി രേഖപ്പെടുത്തുന്നു. എന്നാൽ യഥാർത്ഥത്തിൽ, തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് തുക നല്കിയത് നിരീക്ഷിക്കുന്നതിന് സംവിധാനമില്ലാത്തതാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 25/3.2.2023)

## 1-25 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നംപർ | 69/22 | 64/22 | 56/22 |
|---|---|---|---|
| പ്രൊജക്ട് | അവയവം മാറ്റി വെച്ചവർക്ക് മരുന്ന് നൽകൽ | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ | പാലിയേറ്റീവ് കെയർ |

| | | | |
|---|---|---|---|
| വിതരണക്കാരൻ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് |
| വൗച്ചർ നംപർ, തുക | 22100452/08.02.22= ₹1,00,000/-<br>( തനത് ഫണ്ട്) | 22100750/14.01.22 - ₹2,70,000/<br>(മെയിന്റൻസ് ഗ്രാന്റ് - നോൺ റോഡ് | 22100826/21.03.22 - ₹71,440<br>22100749/14.01.22 - ₹65,000/<br>(വികസനഫണ്ട്-ജനറൽ) |

1. പ്രൊജക്ട് നമ്പർ - 69/22പ്രകാരം ₹1,00,000 (പ്രൊഫോർമ ഇൻവോയ്സ് നം. PRF 5049/04.01.22) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ 95,498/- രൂപയ്ക്ക് മാത്രമേ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി 4,502/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

2. പ്രൊജക്ട് നമ്പർ - 64/22 പ്രകാരം ₹2,70,000/- ന് (പ്രൊഫോർമ ഇൻവോയ്സ് നം. PRF 4548/31.12.21) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ 2,51,460/- രൂപയ്ക്ക് മാത്രമേ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി 18,540/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

3. പ്രൊജക്ട് നമ്പർ - 56/22 പ്രകാരം ₹71,440/- (പ്രൊഫോർമ ഇൻവോയ്സ് നം. PRF 6875/15.03.22)യും ₹65,000/- (പ്രൊഫോർമ ഇൻവോയ്സ് നം. PRF 4547/31.12.21) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ യഥാക്രമം ₹66,998/- , ₹63,206/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹6,236(4442+1794)യ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11/02.02.23)

## 1-26 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | 240/22- പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി-വനിത-ഫുൾ പഞ്ചായത്ത് | 49/22- പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി-എസ്.സി.വനിത-ഫുൾ പഞ്ചായത്ത് | 44/22- പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി(വനിത) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| നടപ്പാക്കിയ വർഷം | 2021-22 | 2021-22 | 2021-22 |
| ചെലവഴിച്ച തുക | 4,10,340/- (വികസന ഫണ്ട്(ജനറൽ))<br>(വൗച്ചർ നം.22100712/20.10.21)<br>തനത് ഫണ്ട് -₹2160(വൗച്ചർ നം. 22100142/08.11.21) | 2,00,000/- (വികസന ഫണ്ട്(എസ്.സി.പി.))<br>(വൗച്ചർ നം.22100713/20.10.21) | 5,00,000/- (വികസന ഫണ്ട്(ജനറൽ))<br>(വൗച്ചർ നം.22100706/08.10.21) |

1. പ്രൊജക്ട് നമ്പർ 240/22 പ്രകാരം ഒരു ഗുണഭോക്താവിന് 12500/-രൂപ നിരക്കിൽ 33 ഗുണഭോക്താക്കൾക്കായി 4125000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പ്രൊജക്ടിലെ ഗുണഭോക്താവായ ശ്രീമതി.ആയിഷക്കുട്ടി,

കങ്കാരുത്തൊടിയിൽ, പാഞ്ഞാൾ എന്നവർ അഞ്ച് തവണ മാത്രമേ കന്നുകാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ (പാഞ്ഞാൾ ക്ഷീര സഹകരണസംഘം വ്യക്തിഗത നാൾവഴി രജിസ്റ്റർ പേജ് നം.195).

2. പ്രൊജക്ട് നമ്പർ 49/22 പ്രകാരം ഒരു ഗുണഭോക്താവിന് 12500/-രൂപ നിരക്കിൽ 16 ഗുണഭോക്താക്കൾക്കായി 2,00,000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പ്രൊജക്ടിലെ ഗുണഭോക്താവായ ശ്രീമതി.സുധ.കെ.കെ, ആട്ടക്കുന്നേൽ വീട്, കിള്ളിമംഗലം എന്നവർ മൂന്ന് തവണ മാത്രമേ കന്നുകാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ (പാഞ്ഞാൾ ക്ഷീര സഹകരണസംഘം വ്യക്തിഗത നാൾവഴി രജിസ്റ്റർ പേജ് നം.219)

3. പ്രൊജക്ട് നമ്പർ 44/22 പ്രകാരം ഒരു ഗുണഭോക്താവിന് 6250/-രൂപ നിരക്കിൽ 80 ഗുണഭോക്താക്കൾക്കായി 5,00,000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പ്രൊജക്ടിലെ ഗുണഭോക്താക്കളായ ശ്രീമതി.ഗീത നാരായണൻ, കൈപ്പുള്ളി വീട്, കിള്ളിമംഗലം എന്നവർ ആറ് തവണയും ശ്രീമതി.അഞ്ജലി, വടക്കേ പാലഞ്ചേരി, പാഞ്ഞാൾ എന്നവർ ഒമ്പത് തവണയും മാത്രമേ കന്നുകാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ (പാഞ്ഞാൾ ക്ഷീര സഹകരണസംഘം വ്യക്തിഗത നാൾവഴി രജിസ്റ്റർ പേജ് നം യഥാക്രമം 103,172)

മേൽ പ്രൊജക്ടുകൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും മേൽ ഗുണഭോക്താക്കൾക്ക് അടവാക്കിയ സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 12/02.02.23)

## 1-27 ലൈഫ് ഭവന പദ്ധതി - ആദ്യഗഡു കൈപ്പറ്റി നാലുവർഷം പിന്നിട്ടിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ പൈങ്കുളം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (ജനറൽ) എന്ന പ്രൊജക്ട് പ്രകാരം നിശാന്തിനി ടി.പി. W/o പങ്കജാക്ഷൻ, പോഴത്തിൽ വീട്, പാഞ്ഞാൾ എന്ന ഗുണഭോക്താവിന് 12.10.2018 ന് ₹40000/- ആദ്യഗഡുവും, സരിതW/o സജീവ്, ഞള്ളനാംകുഴിയിൽ വീട്, പാഞ്ഞാൾ എന്ന ഗുണഭോക്താവിന് 16.11.2018 ന് ₹40,000/-ആദ്യഗഡുവും നൽകിയിട്ടുണ്ട്. ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും മേൽ ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32 ൽ പരാമർശിച്ചിരുന്നെങ്കിലും നാളിതു വരെയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച ധനസഹായം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 14/02.02.23)

## 1-28 വീട് വാസയോഗ്യമാക്കൽ - ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ പൈങ്കുളം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) (പ്രൊജക്ട് നമ്പർ-113/22) എന്ന പ്രൊജക്ട് പ്രകാരം വികസനഫണ്ടിൽ (ജനറൽ) നിന്നും മേൽ പ്രവൃത്തിക്കായി ഓരോ ഗുണഭോക്താവിനും ₹35000/- രൂപ ധനസഹായം ₹17500/- വീതമുള്ള രണ്ട് ഗഡുക്കളായി നൽകുന്നു. മേൽ പ്രൊജക്ട് പ്രകാരം ആദ്യഗഡുവായി ₹17500/- (വൗച്ചർ നം.22100735/13.12.21) ധനസഹായം കൈപ്പറ്റിയ കാർത്ത്യായനി, പുതുവാളശ്ശേരി, കിള്ളിമംഗലം എന്ന ഗുണഭോക്താവ് നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.15/02.02.23)

## 1-29 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പട്ടികപ്പെടുത്തിയ പ്രകാരം വിവിധ കുടിവെള്ള പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രവും മൂല്യനിർണ്ണയ പത്രികയും പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർവിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇൻഫർമേഷൻ കേരള മിഷന് പ്രൊജക്റ്റ് 5/22 പ്രകാരം 85000/- പഞ്ചായത്ത് വിഹിതം കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | 5/22 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | ഇൻഫർമേഷൻ കേരള മിഷൻ | 22100703/30.09.21 | 85,000 |
| 2 | 142/22 ജലജീവൻ മിഷൻ പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകലും പൈപ്പ് ലൈൻ നീട്ടലും (വികസന ഫണ്ട് ജനറൽ) | കേരള വാട്ടർ അതോറിറ്റി | 22100856/30.03.22 | 74,344 |
| 3 | 148/22ജലജീവൻ മിഷൻ (സ്പിൽ ഓവർ) (തനത് ഫണ്ട്) | കേരള വാട്ടർ അതോറിറ്റി | 22100582/21.03.22 | 13,00,000 |
| 4 | 218/22കുളമ്പ് മിച്ച ഭൂമിഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ(ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി | 22100510/28.02.22 | 4,19,500 |
| 5 | 219/22കുറുങ്കുളം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ(ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി | 22100494/26.02.22 | 2,00,000 |
| 6 | 220/22വായന ശാലാഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ(ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി | 22100606/26.03.22 | 2,00,000 |
| 7 | 221/22ആലുംകുന്ന് റോഡിൽ പൈപ്പ് ലൈൻ നീട്ടൽ(ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി | 22100607/26.03.22 | 2,00,000 |
| 8 | 223/22മരുതംകാട് റോഡിൽ പൈപ്പ് ലൈൻ നീട്ടൽ(ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി | 22100495/26.02.22 | 2,00,000 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.05/01.02.23)

### 1-30 പ്രൊജക്ട് നമ്പർ-257/22- വാതിൽപ്പടി സേവന പദ്ധതി- തുടർനടപടികൾ അറിയിക്കേണ്ടതാണ്.

സ.ഉ.(സാധാ)നം. 1066/2021/തസ്വഭവ. തീയതി. 31/05/2021 പ്രകാരം വിവിധകാരണങ്ങളാൽ അവകാശപ്പെട്ട സേവനങ്ങൾ ലഭിക്കാതെ പോകുന്ന ജനങ്ങൾക്ക് സന്നദ്ധസേനാംഗങ്ങളോ അനുബന്ധ സേവനദാതാക്കളോ വീട്ടുകളിൽ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹിക ക്ഷേമസേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ട് രൂപം നൽകിയ വാതിൽപ്പടി സേവന പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനായി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് തനത് ഫണ്ടിൽ നിന്നും ₹1,00,000/- വകയിരുത്തി വാതിൽപ്പടി സേവനം (പ്രൊജക്ട് നം. 257/22) എന്ന പ്രൊജക്ട് രൂപീകരിച്ച് അംഗീകാരം നേടിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പ്രകാരം വാതിൽപ്പടി സേവനം എന്ന പ്രൊജക്ട് മുഖേന തൻവർഷത്തിൽ ഒരു ലാപ് ടോപ്പ് ഐഡിയൽ കമ്പ്യൂട്ടിംഗ്, കണ്ണാടി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം. INV62/29.03.22) ₹44,396/- (വൗച്ചർ നം. 22100652/31.03.22) പ്രകാരം വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. നിലവിൽ ടി കമ്പ്യൂട്ടർ ഓഫീസിൽ ഉപയോഗിക്കുകയാണ് എന്നാണ് ഓഡിറ്റ് വേളയിൽ അറിയിച്ചത്. ഫയൽ പ്രകാരം വാതിൽപ്പടിസേവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട വളണ്ടിയർമാരുടെ പോലീസ് വെരിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വാതിൽപ്പടി സേവനത്തിന്റെ മാർഗ്ഗരേഖപ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾ നടന്ന വിവരങ്ങൾ ഫയലിൽ ഇല്ല. 2022-23 വർഷത്തിൽ മേൽ പദ്ധതി സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതു വരെ തുക ചെലവഴിച്ചിട്ടില്ല. മേൽ പദ്ധതിയുടെ തുടർനടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/01.02.23) മറുപടി ലഭ്യമാക്കിയില്ല. മേൽ പദ്ധതിയുടെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-31 പ്രൊജക്ട് നമ്പർ-09/22- ആശ്രയ പദ്ധതി തുക കൈമാറൽ- നാളിതു വരെയും തുക വിനിയോഗിച്ചിട്ടില്ല.

മേൽ പ്രൊജക്ട് പ്രകാരം വികസനഫണ്ടിൽ (ജനറൽ വിഭാഗം) നിന്നും കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ( നം 31906747409 ) ₹4,00,000/- വൗച്ചർ നം. 22100791/21.02.22 പ്രകാരം നൽകുകയും ആയത് മേൽ അക്കൗണ്ടിൽ 28.02.22 ന് വരവ് വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെയും മേൽതുക ചെലവഴിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/01.02.23) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പ്രകാരമുള്ള തുക ആശ്രയ പദ്ധതി സർവ്വെ പ്രകാരം തെരഞ്ഞെടുത്തതും ഒഴിച്ച് കൂടാനാവാത്ത സൗകര്യങ്ങൾ ആവശ്യമുള്ള സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന അഗതി രഹിത കേരളം ഗുണഭോക്താക്കൾക്കായി കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകേണ്ടതാണ്.

### 1-32 പത്രപരസ്യ ചാർജ്ജ് - സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല.

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ട് നം. 04/22- പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രൊജക്ട് മുഖേന തനത് ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക | ഇൻവോയ്സ് നമ്പർ/തീയതി | പത്രം |
|---|---|---|---|---|
| 1 | 22100286/13.12.21 | 12,517 | 321000057652/13.10.21- ₹5152 | മാതൃഭൂമി |

| | | | | |
|---|---|---|---|---|
| | | | 321000065585/04.11.21-₹3501<br>321000068602/13.11.21-₹3862 | |
| 2 | 22100303/29.12.21 | 7,182 | 321000039157/25.08.21-₹7,182 | മാതൃഭൂമി |
| 3 | 22100302/29.12.21 | 5,152 | 321000042555/03.09.21-₹5,152 | മാതൃഭൂമി |
| 4 | 22100366/22.01.22 | 7,925 | 321000073048/25.11.21-₹7,925 | മാതൃഭൂമി |
| ആകെ | | 32,776 | | |

മേൽ സർക്കാർ ഉത്തരവ് പ്രകാരം അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുകയോ, അല്ലാത്തപക്ഷം ഭാവിയിലെ ബില്ലുകളിൽ ക്രമീകരിക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ നിയമാനുസൃതമുള്ള ഡിസ്കൗണ്ട് നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.08/01.02.23)

## 1-33 സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി.

2021-22 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം മാറ്റി വെച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

17.07.2020-ലെ GO(P)No.94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ നിയന്ത്രണ കാലാവധി 15.09.2020 വരെയും 5.11.20ലെ GO(P)No.152/2020/Fin ഉത്തരവ് പ്രകാരം 31.5.2021 വരെയും 26.7.21ലെ GO(P)No.104/2021/Fin ഉത്തരവ് പ്രകാരം 1.6.21 മുതൽ 6 മാസത്തേക്കും തുടർന്ന് 1.12.21ലെ GO(P)No.160/2021/Fin പ്രകാരം 2021-22 സാമ്പത്തിക വർഷാവസാനം വരേക്കും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. 27.04.2020-ലെ GO(P)No.49/2020/Fin ഉത്തരവ് പ്രകാരം താൽക്കാലിക ജീവനക്കാർക്ക് കൂടി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റിവെച്ചുകൊണ്ടുള്ള ഉത്തരവുകൾ നിലനിൽക്കെ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീമതി കവിത.കെ.എ.യ്ക്ക് 30 ദിവസത്തെ ആർജ്ജിതാവധി പണമാക്കി മാറ്റിനൽകിയിട്ടുണ്ട്(വൗച്ചർ നം.22100256/03.12.21). ടിയാരി ആർജ്ജിതാവധി പണമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 01.12.21 നാണ്. എന്നാൽ ഈ നിയന്ത്രണകാലാവധി 2021-22 സാമ്പത്തിക വർഷാവസാനം വരെ ദീർഘിപ്പിച്ച് നൽകിയ ഉത്തരവ് (GO(P)No.160/2021/Fin) 01.12.21 നാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ടിയാരിയുടെ അപേക്ഷ പരിഗണിച്ച് ആർജ്ജിതാവധി പണമാക്കി മാറ്റി നൽകുന്നതിനുള്ള സെക്രട്ടറിയുടെ നടപടിക്രമം പുറപ്പെടുവിച്ചിരിക്കുന്നത് 03.12.21 നാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റിനൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/03.02.23) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 ലീഗൽ ചാർജ്ജസ്- അഡ്വക്കേറ്റ് ഫീസിൽ നിന്നും നിയമപ്രകാരമുള്ള ആദായനികുതി കുറവ് ചെയ്തില്ല.

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2021-22 വർഷത്തിൽ അഡ്വ.കെ.ഗോവിന്ദൻകുട്ടി എന്നയാൾക്ക് നൽകേണ്ടിയിരുന്ന 58,950/- രൂപയിൽ 1% ഇൻകം ടാക്സ് കുറവ് ചെയ്ത വൗച്ചർ നം. 22100490/17.02.2022 പ്രകാരം 58,360/- രൂപ ഫീസ് നൽകിയിട്ടുണ്ട്. കൂടാതെ അഡ്വ.മുഹമ്മദ് ഷാ എന്നയാൾക്ക് ഫീസിനത്തിൽ നൽകേണ്ടിയിരുന്ന 34,750/- രൂപയിൽ നിന്നും 1% ഇൻകം ടാക്സ് കുറവ് ചെയ്ത് 34,402/- രൂപ വൗച്ചർ നം.22100506/26.02.2022 പ്രകാരവും നൽകിയിട്ടുണ്ട്. 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് 10% ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ മേൽ തുകകളിൽ നിന്നും ആദായനികുതി 1% മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. ഇപ്രകാരം കുറഞ്ഞ നിരക്കിൽ

ആദായ നികുതി ടി.ഡി.എസ്. ഈടാക്കുന്നതിന് ആധാരമാക്കിയ രേഖകൾ ഫയലിനൊപ്പമില്ല. നിയമാനുസൃതമായ 10% ടി.ഡി.എസ്. കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/03.02.23) മറുപടി ലഭ്യമാക്കിയില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 1-35 വാഹന ഇൻഷുറൻസ് - സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പിൽ ഇൻഷുർ ചെയ്യണമെന്ന നിർദ്ദേശം പാലിച്ചില്ല.

18.04.2000ലെ സർക്കാർ ഉത്തരവ് (പി)നം.819/2000/ധന. പ്രകാരം വാഹനങ്ങൾ കേരള സ്റ്റേറ്റ് ഇൻഷൂറൻസ് ഡിപ്പാർട്ട്മെന്റിൽ ഇൻഷൂർ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക വാഹനമായ KL 48 K 3438 ബൊലെറോ ജീപ്പ് 17.04.21 മുതൽ 16.04.22 വരെ ഇൻഷൂർ ചെയ്തിരിക്കുന്നത് നാഷണൽ ഇൻഷൂറൻസ് കമ്പനിയിലാണ് (പോളിസി നം. 57180031211000329, വൗച്ചർ നം. 22100034/08.04.21- ₹19,700/-).

മേൽ വിഷയത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിനുള്ള കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/03.02.23) മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## 1-36 തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ്, കുടിവെള്ളക്കരം- സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

2021-22 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 18,36,569/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന് പുറമെ തെരുവ് വിളക്ക് റിപ്പയറിംഗിനായി 1,34,200/- രൂപയുമടക്കം ( പ്രൊജക്റ്റ് നമ്പർ – 146/22-) ആകെ 19,70,769 ചെലവഴിച്ചിട്ടുണ്ട് .

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 167 തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2021-22 വർഷത്തിൽ ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിൽ 8,21,000 രൂപ പ്രൊജക്റ്റ് നമ്പർ 144/22 പ്രകാരവും തനത് ഫണ്ടിൽ നിന്ന് 182935 രൂപയുമടക്കം ആകെ 10,03,935 അടവാക്കിയിട്ടുണ്ട്.

ഇപ്രകാരം സ്ട്രീറ്റ് ലൈറ്റ് , കുടിവെള്ള വിതരണം എന്നിവയ്ക്കായി 2021-22 വർഷത്തിൽ 29,74,704/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ വസ്തുനികുതി ഡിമാന്റ് 27,48,052/- രൂപ മാത്രമാണ്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മേൽ ചട്ടം അനുശാസിക്കുന്ന സേവന ഉപ നികുതി വഴിവിളക്ക്, കുടിവെള്ള വിതരണം എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നിടങ്ങളിൽ ചുമത്തുന്നതിനുള്ള സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

## 1-37 കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത്- വിനിയോഗ സാക്ഷ്യപത്രവും മൂല്യനിർണ്ണയ പത്രികയും ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ കുടിവെള്ള പദ്ധതികൾക്കായി 8,75,000 രൂപ കേരള വാട്ടർ അതോറിറ്റിക്കു കൈമാറിയിട്ടുണ്ട്. കൈമാറിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്റ്റ് | ഫണ്ട്, അടങ്കൽ | ചെലവ്, വൗച്ചർനം/തീയതി |
|---|---|---|---|
| 1. | 180/22 വായനശാല-പാറക്കടവ്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | CFC 175000 | 175000 22100755/20-1-22 |
| 2. | 181/22 മരുതം കോട് പാലം മുതൽ മുല്ലക്കൽ കോളനി വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | CFC 200000 | 200000 22100757/ |

| | | | |
|---|---|---|---|
| | | | 20-1-22 |
| 3. | 182/22 പൈങ്കുളം വായനശാല പരിസരം മുതൽപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | CFC 100000 | 100000 22100758/ 20-1-22 |
| 4. | 183/22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കുറംകുളംപ്രദേശം | CFC 100000 | 100000 22100759/20-1-22 |
| 5. | 186/22 മിച്ചഭൂമി കുടിവെള്ള പദ്ധതി -റീച്ച് 2 | CFC 200000 | 200000 22100803/2-3-22 |
| 6. | 187/22 ശ്രീപുഷ്കരം കുടിവെള്ള പദ്ധതി | CFC 100000 | 100000 22100804/2-3-22 |

(ഓഡിറ്റ് അന്വേഷണം നം. 04/31.01.23)

1-38 ചോലമ്മക്കാവ് കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്റ്റ്-290/22ചോലമ്മക്കാവ് കുടിവെള്ള പദ്ധതി

തനത് ഫണ്ട്- 50,000, ജില്ലപഞ്ചായത്ത് വിഹിതം-500000

അടങ്കൽ-5,50,000

ഭരണാനുമതി- 1/4 /22-11-21

സാങ്കേതികാനുമതി-76887/2021-22

സാങ്കേതികാനുമതി ഉത്തരവ് - LSGD/TS//2021-22/1612/19-1-22

കരാറുകാരൻ-എം.സിദ്ദിഖ്

കരാർ തുക-251948.99

എം ബുക്ക്-6/21-22

വൗച്ചർ നം,തുക-22100678/31-3-22 ,281195

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം

അടങ്കൽ-550000

ഭരണാനുമതി- 2(1)/7-3-22

സാങ്കേതികാനുമതി-76887/2021-22/dt.7-3-22

കരാർ തുക-251066.71

(റിവൈസ്ഡ് എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം)

ചോലമ്മക്കാവ് പരിസരത്തുള്ള പ്രദേശവാസികൾക്ക് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ബോർവെൽ, പമ്പ് ഹൗസ്, 5000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക്, ടാങ്ക് വെക്കുന്നതിനുള്ള ബേസ് എന്നിവ നിലവിലുള്ളതിനാൽ ബാക്കി വരുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. യീൽഡ്ടെസ്റ്റ്-₹8500, മോട്ടോർപമ്പ്സെറ്റും ഇലക്ട്രിഫിക്കേഷനും-₹2,00,000 വാട്ടർക്വാളിറ്റിടെസ്റ്റ് -₹2000 എന്നീ നിരക്കിൽ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ പ്രകാരം, Details Of Water Tankൽ Existing Water Tank ഉൾപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ 22-3-22-ലെ87/ae/general/2021നം. കത്തു പ്രകാരം അടങ്കൽ തുകയിൽ വ്യത്യാസമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു കത്തുനല്കുകയും, പുതുക്കിയ സാങ്കേതികാനുമതി മേൽ പ്രകാരം ലഭ്യമാകുകയും ചെയ്തു. നിലവിലുള്ള വാട്ടർടാങ്കിന്റെ ബേസ് ഉയരം കൂട്ടലും ബോർവെല്ലിൽ നിന്നും വാട്ടർടാങ്കിലേക്കുള്ള പൈപ്പ് കണക്ഷൻ സ്ഥാപിക്കലും മാത്രമാണ് തൻവർഷം ഈ പ്രൊജക്റ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 5000ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക് പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപായി തന്നെ പ്രസ്തുത സൈറ്റിൽ സ്ഥാപിച്ചിട്ടുള്ളതാണ്. സൈറ്റ് പ്ളാനിൽ പ്രസ്തുത ടാങ്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. (Details Of Water Tank) റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരവും, വാട്ടർടാങ്ക് പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപായി തന്നെ പ്രസ്തുത സൈറ്റിൽ സ്ഥാപിച്ചിട്ടുള്ളതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ Extra Item-2.003-18.48 'Providing&placing On Terrace Poly Ethylene Water Storage Tank(isi 12701) Marked With Cover &Suitable Locking Arrangement&making Necessary Holes For Unit,outlet And Over Flow Pipesbut Without Fittings&the Base Support For Tank എന്ന ഐറ്റം ഉൾപ്പെടുത്തി,5000ലിറ്റർവാട്ടർടാങ്ക് സ്ഥാപിച്ചതിന് ലിറ്ററിന് 9.22 നിരക്കിൽ 46,100രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.(MB-6/21-22 Page30,31,32).

2. അസിസ്റ്റന്റ് എഞ്ചിനീയറുടെ 22-3-22-ലെ87/ae/general/2021 നം.കത്തു പ്രകാരമാണ് അടങ്കൽ തുകയിൽ വ്യത്യാസമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു കത്തു നല്കിയിരിക്കുന്നത്(ഫയൽപ്രകാരം). എന്നാൽ ഇതിനു മുൻപായിത്തന്നെ പുതുക്കിയ സാങ്കേതികാനുമതി (7-3-2022)ൽ ലഭ്യമാകുകയും ചെയ്തു.

3. യീൽഡ്ടെസ്റ്റ്, മോട്ടോർപമ്പ് സെറ്റ്സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ,വാട്ടർക്വാളിറ്റി ടെസ്റ്റ് എന്നീ ഇനങ്ങൾക്ക്പദ്ധതിയിൽ തുകവകയിരുത്തിയിട്ടുണ്ട്. എന്നാൽ ആയത് പിന്നീട് പൂർത്തീകരിച്ച രേഖകൾ ഫയലില്ല.

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.09/02.02.23) മറുപടിയായി താഴെ പറയുന്ന പ്രകാരം അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് ടി സ്ഥലത്ത് നിലവിൽ വാട്ടർ ടാങ്ക് ഉള്ളതിനാൽ ആയതിൽ നിന്നും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള എസ്റ്റിമേറ്റായിരുന്നു തയ്യാറാക്കിയതെന്നും ടി ടാങ്ക് വേനൽക്കാല കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം സ്ഥാപിച്ച കിയോസ്ക് ആയതിനാൽ പ്രസ്തുത ടാങ്ക് മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ സാധിക്കില്ല എന്ന് മനസ്സിലാക്കിയതിനാലാണ് പുതിയ ടാങ്ക് ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. രണ്ട് ടാങ്കുകളുടെയും ഫോട്ടോ മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കായി കുഴൽക്കിണർ നിർമ്മിച്ച് യീൽഡ് ടെസ്റ്റ് നടത്തിയിട്ടുണ്ട്. പുതുക്കിയ സാങ്കേതിക അനുമതി നൽകിയ തീയതിയിൽ വന്ന വ്യത്യാസം ക്ലറിക്കൽ പിശകാണെന്ന് അറിയിച്ചിട്ടുണ്ട്.

മോട്ടോർപമ്പ് സെറ്റ്സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, വാട്ടർക്വാളിറ്റി ടെസ്റ്റ് എന്നീ ഇനങ്ങൾക്ക്പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. പ്രൊജക്റ്റിൽ വിഭാവനം ചെയ്ത് എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1000000 | ലൈഫ് മിഷൻ | 988935 | 11065 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ഭിന്നശേഷി സ്കോളർഷിപ്പ് | 299978 | 22 |

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | Installation Of Solar Panel In Panchayat And Other Subordinate Offices | 22100860/ 31.03.2022 | 899020 | 0 | 2021-22 സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിച്ചില്ല | 899020 |
| KWA | Jalajeevan Mission Pipeline – Panchayat Share | 22100856/ 30.03.2022 | 74344 | 0 | Not Completed | 74344 |
| KWA | Jalanidhi Share | 22100582/ 21.03.2022 | 1300000 | 0 | Not Completed | 1300000 |
| KWA | Vayanasala To Parakkadavu Pipeline<br>Maruthamkadu Bridge To Mullakkal<br>Extension Of Pipeline From Painkulam Library Side<br>Pipeline Extension In Kurumkulam Ares<br>Michabhoomi Drinking Water Scheme 2nd Reach<br>Sreepushkaram Drinking Water Scheme | 22100755/ 20.01.22<br>22100757/ 20.01.22<br>22100758/ 20.01.22<br>22100759/ 20.01.22<br>22100803/ 02.03.22<br>22100804/ 02.03.22 | 175000<br>200000<br>100000<br>100000<br>200000<br>100000 | 0 | Not Completed | 875000 |
| KWA | Kulambu Michabhoomi | 22100510/ 28.02.22 | 419500 | 0 | Not Completed | 419500 |

| | | | | | | |
|---|---|---|---|---|---|---|
| | Pipeline Extension | | | | | |
| KWA | Kurumkulam Road Pipeline Extension<br>Pipeline Extension Vayanasala<br>Pipeline Extension Alumkunnu Road<br>Maruthamkadu Road Pipeline | 22100494/ 26.02.22<br>22100606/ 26.03.22<br>22100607/ 26.03.22<br>22100495/ 26.02.22 | 200000<br>200000<br>200000<br>200000 | 0 | Not Completed | 800000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| 3 | ആകെ | 5000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | തൻ വർഷം അനുവദിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ( KURDFC Loan) | 0 | 8546628 | 806667 | | 7739961 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2004-05 | 3-4 | 1968 | ശങ്കുണ്ണി, ഉണ്ടിക്കൽ (കരാറുകാരൻ) | 1210400598 തീ. 31.03.22 |
| 2011-12 | 3-9 | 675 | മണികണ്ഠൻ, | 12101036960 |

| | | | | |
|---|---|---|---|---|
| | | | കുറുപ്പംതൊടി (ഡ്രൈവർ) | തീ. 03/03/2022 |
| 2011-12 | 2-4 | 3150 | പ്രിൻസിപ്പൽ, ഇ.എസ്.ഐ.ടി.സി, ചേലക്കര | 1210103686 തീ. 03/03/2022 |

4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-2 | 2008-2009 | 3-12 | മണൽ വില്പന-രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| 2000-01 | 2-3 | 2008-2009 | 3-12 | മണൽ വില്പന-രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 2-1 | 2008-2009 | 3-12 | മണൽ വില്പന-രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| 2002-03 | 2-2 | 2008-2009 | 3-12 | മണൽ വില്പന-രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-1 | 16-17 | അനുബന്ധം.5 | തൊഴിൽനികുതി സംബന്ധിച്ച്. | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4, 2-5 | 16-17 | അനുബന്ധം.5 | തൊഴിൽനികുതി സംബന്ധിച്ച്. | പരാമർശം നിലനിൽക്കുന്നു |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83601809 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85808990 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

4.ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1999-2000 | LFT.10-1480/07 Dt.2.8.08/ 3.10.08 | 4 | 3-3,3-4,3-6,2-2 | 2-2 CAR |
| 2 | 2000-01 | LFT.10-1479/07 Dt.2.8.08/ 3.10.08 | 4 | 2-3,3-1,3-5,3-7 | 2-3 CAR |
| 3 | 2001-02 | LFT.19-1478/07 Dt.2.8.08/ 3.10.08 | 5 | 2-1,3-4,3-5,3-6,3-7 | 2-1 CAR |
| 4 | 2002-03 | LFT.10-1477/07 Dt.2.08.08/ 3.10.08 | 12 | 3-1,3-2,3-4,3-6, 3-7,3-12,3-13, 3-14,3-15,3-16, 3-17,2-2 | 2-2 CAR |
| 5 | 2003-04 | LFT.10-1468/08 Dt.28.05.10/ 30.7.10 | 2 | 3-1,3-4 | |
| 6 | 2004-05 | LFT.10-1469/08 Dt.28.05.10 | 3 | 3-3,3-7,3-13 | |
| 7 | 2005-06 | LFT.10-2288/09 Dt.12.01.11 | 8 | 3-4,3-5,3-6, 3-7, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-8,3-10,3-10,<br>3-12 | |
| 8 | 2006-07 | LFT.10-2289/09<br>Dt.21.01.11/<br>2.7.11 | 5 | 3-5,3-7,3-8,<br>3-9,3-10 | |
| 9 | 2007-08 | LFT.(P4)-541/12<br>Dt.23.05.12/<br>06.08.12 | 5 | 3-1,3-3,3-4,<br>3-7,3-9 | |
| 10 | 2008-09 | LFT.(P4)-542/12<br>Dt.23.5.12/<br>6.8.12 | 2 | 3-8, 3-11 | |
| 11 | 2009-10 | LFT.(P4)-543/12<br>Dt.30.5.12/<br>06.08.12 | 2 | 3-2,3-10 | |
| 12 | 2010-11 | LFT.(P4)-544/12<br>Dt.02.06.12/<br>6.8.12 | 2 | 3-5, 3-9 | |
| 13 | 2011-12 | LFT.(P4)-2037/13<br>Dt.13.3.14/<br>7.4.14 | 17 | 2-7(3), 3-12,<br>3-13<br>3-14,3-15,3-16,<br>3-18,3-19,3-20,<br>3-21,3-22,3-24,<br>3-25,3-26,<br>3-27,<br>3-28,3-30 | |
| 14 | 2012-13 | LFT.(P4)-1902/14<br>Dt.7.4.15 | 7 | 1-12,2-5,3-1,<br>3-2,<br>3-6,3-10,3-15 | 3-15<br>(ഖ.4) CAR |
| 15 | 2013-14 | KSATSR(P4)-<br>1688/15<br>Dt.15.12.15 | 12 | 2-4,2-6,3-1,<br>3-2,<br>3-7,3-9,3-12,<br>3-14,3-15,3-16,<br>3-18,3-19 | |
| 16 | 2014-15 | KSATSR(P4)-<br>1156/16<br>Dt.14.7.16 | 9 | 2-4,2-6,3-7,<br>3-8,3-12,3-17,<br>3-18,3-22<br>2-1 | 2-1 CAR |
| 17 | 2015-16 | KSATSR(P4)-<br>2038/16<br>Dt.16.12.16 | 9 | 2-4,2-5,1-3,2-6,<br>3-1,3-2,3-4,<br>3-5,3-6 | 2-4 CAR<br>2-5 CAR |
| 18 | 2016-17 | KSATSR(P4)-<br>1655/17<br>Dt.24.11.17 | 8 | 3-3,3-5,3-8,<br>3-9,3-14,<br>3-15,3-16, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-3 | |
| 19 | 2017-18 | KSATSR(P4)-382/19 Dt.15.03.19 | 5 | 2-3,3-1, 3-6,3-10, 1-12 | |
| 20 | 2018-19 | KSATSR(P12)-1173/20 Dt.09.12.20/18.01.21 | 29 | 1-9,1-11 മുതൽ 1-13 വരെ, 1-15 മുതൽ 1-19 വരെ, 1-21 മുതൽ 1-29 വരെ, 1-31 മുതൽ 1-38 വരെ 1-40,1-41,3-1 | |
| 21 | 2019-20 | KSATSR(P12)-790/22 Dt.30.06.22 | 42 | 1-10 മുതൽ 1-48 വരെ, 3-1, 3-2, 3-3 | |
| 22 | 2020-21 | KSATSR(P12)-791/22 Dt.01.07.22 | 26 | 1-10 മുതൽ 1-32 വരെ, 3-1, 3-2, 3-3 | |
| | ആകെ | | 218 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാള് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്